നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : * 661

29.07.2010-ൽ മറുപടിക്ക്.

## കേന്ദ്ര ഏജൻസികളുമായുള്ള വാണിജ്യ വ്യവസായ ബന്ധങ്ങൾ

**ചോദ്യം**

ശ്രീ. എം. ചന്ദ്രൻ :
ശ്രീ. ബാബു. എം. പാലിശ്ശേരി :
ശ്രീ. കെ.കെ. ജയചന്ദ്രൻ :
ശ്രീ. കെ.വി. കുഞ്ഞിരാമൻ :

(എ) കേന്ദ്ര സർക്കാർ ഏജൻസികളുമായും കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായും വാണിജ്യ വ്യവസായ ബന്ധങ്ങൾ നടപ്പാക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) ഇതുമൂലം സംസ്ഥാനത്തിനും സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾക്കും ഉണ്ടായിട്ടുള്ള നേട്ടങ്ങൾ വ്യക്തമാക്കുമോ ;

**ഉത്തരം**

ശ്രീ. എളമരം കരീം
(വ്യവസായ വകുപ്പ് മന്ത്രി)

(എ)-യും (ബി)-യും.

ഈ സർക്കാർ അധികാരമേറ്റശേഷം വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങ-ളുടെ പുനരുദ്ധാരണത്തിന്റെയും നവീകരണത്തി-ന്റെയും വിപുലീകരണത്തിന്റെയും ഭാഗമായും അവയുടെ സുസ്ഥിരമായ ഭാവി ഉറപ്പു വരുത്തുന്ന-തിലേയ്ക്കായും അവയുടെ തന്നെ പ്രവർത്തന മേഖലയിൽ കഴിവു തെളിയിച്ച കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി സംയുക്ത സംരംഭത്തിലേർപ്പെടുന്നതിനോ കേന്ദ്ര സ്ഥാപനങ്ങളുമായി സഹകരിച്ച് പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിനോ ഉള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ, സംയുക്ത സംരംഭങ്ങൾ പ്രാവർത്തികമാക്കുന്നതിന്റെ ഭാഗമായി സർക്കാർ വായ്പകൾ പലിശരഹിത വായ്പകളായി മാറ്റുന്നതിനും വൈദ്യുതി ചാർജ്ജുകൾ മറ്റ് സ്റ്റാറ്റ്യൂട്ടറി കുടിശ്ശികകൾ മുതലായവ തീർപ്പാക്കി നൽകുന്നതിനുള്ള നടപടികളും സർക്കാർ സ്വീകരിച്ചിട്ടുമുണ്ട്.

ഇതിന്റെ ഫലമായി, ടെൽക്ക്-എൻ.ടി.പി.സി സംയുക്ത സംരംഭത്തിൽ 31.34 കോടി രൂപയുടെ നിക്ഷേപവും, കെൽടെക്ക് ബ്രഹ്മോസ് ഏറോസ്പേസിനു കൈമാറിയതു വഴി ഡി.ആർ.ഡി.ഒ 50 കോടി രൂപയുടെയും ഐ.എസ്.ആർ.ഒ 15 കോടി രൂപയുടെയും നിക്ഷേപം നടത്തിയിട്ടുണ്ട്. സ്റ്റീൽ കോംപ്ലക്സ് ലിമിറ്റഡും കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ സ്റ്റീൽ അതോറിറ്റി ഓഫ് ഇൻഡ്യ ലിമിറ്റഡു-മായുള്ള സംയുക്ത സംരംഭത്തിൽ സ്റ്റീൽ

കോംപ്ലക്സ് ലിമിറ്റഡിന് 'Working Capital advance' ആയി 5 കോടി രൂപയും സ്റ്റീൽ അതോറിറ്റി ഓഫ് ഇൻഡ്യ ലിമിറ്റഡ് നൽകിയിട്ടുണ്ട്. സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡി ന്റെ അനുബന്ധ സ്ഥാപനമായ ആട്ടോകാസ്റ്റിന്റെയും സ്റ്റീൽ ഫാബ്രിക്കേഷൻ യൂണിറ്റിന്റെയും സൗകര്യങ്ങൾ ഉപയോഗിച്ച് ഇൻഡ്യൻ റെയിൽവേയുമായി സഹകരിച്ച് സംയുക്ത മേഖലയിൽ ഒരു ഫാബ്രിക്കേറ്റഡ് ബോഗി കംപോണന്റ് നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുന്ന--തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കേന്ദ്ര പ്രതിരോധ മന്ത്രാലയത്തിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളായ ഹിന്ദുസ്ഥാൻ എയ്റോനോട്ടിക്സ് ലിമിറ്റഡ്, ഭാരത് ഇലക്ട്രോണി--ക്സ് ലിമിറ്റഡ്, ഭാരത് എർത്ത് മൂവേഴ്സ് ലിമിറ്റഡ് എന്നിവയുടെ യൂണിറ്റുകൾ കിൻഫ്രയുടെ വിവിധ പാർക്കുകളിൽ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ടി. പദ്ധതികളുടെ ഒന്നാംഘട്ടം പൂർത്തിയാകുമ്പോൾ യഥാക്രമം 60 കോടി, 11 കോടി, 260 കോടി രൂപയുടെ നിക്ഷേപം ഉണ്ടാകു--മെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ, കെ.എസ്.ഐ. ഡി.സി-യും ഗെയിലുമായു ള്ള ഗ്യാസ് പൈപ്പ് ലൈൻ ആന്റ് ഇൻഫ്രാസ്ട്രക്ചർ പദ്ധതി നടപ്പിലാക്കുന്നതിലൂടെ 6000 കോടി രൂപയുടെ നിക്ഷേപവും, കെ.എസ്.ഐ.ഡി.സി-യും ഫാക്ടും ചേർന്ന് കൊച്ചിയിൽ സ്ഥാപിക്കുന്ന ട്രേഡ് ആന്റ് കൺവെൻഷൻ സെന്റർ പദ്ധതിയിലൂടെ 400 കോടി രൂപയുടെ നിക്ഷേപവും, കെ.എസ്.ഐ.ഡി.സി-യും നാളികേര വികസന ബോർഡും ചേർന്ന് കുറ്റ്യാടിയിൽ സ്ഥാപിക്കുന്ന കോക്കനട്ട് പാർക്ക് പദ്ധതിയിലൂടെ 41 കോടി രൂപയുടെ നിക്ഷേപവും പ്രതീക്ഷിക്കുന്നു.

ഇതിന് പുറമേ, സംസ്ഥാന പൊതുമേഖലാ സ്ഥാപന-മായ കെല്ലിന്റെ കാസർഗോഡ് യൂണിറ്റും കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഭാരത് ഹെവി ഇലക്ട്രിക്കൽസ് ലിമിറ്റഡും ചേർന്നുള്ള സംയുക്ത സംരംഭത്തിന് MOU-ൽ ഏർപ്പെടുകയും കെൽട്രോണും ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡും ചേർന്നുള്ള സംയുക്ത സംരംഭത്തിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. ഈ പദ്ധതികളെല്ലാം പൂർത്തിയായാൽ മാത്രമേ ഇവ മൂലമുണ്ടാകുന്ന നിക്ഷേപത്തെക്കുറിച്ച് വ്യക്തത കൈവരികയുള്ളൂ.

(സി) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് സംസ്ഥാനത്തെ വിവിധ വകുപ്പുകളിൽ നിന്നും മറ്റ് കേന്ദ്ര സ്ഥാപനങ്ങളിൽ നിന്നും കൂടുതൽ ഓർഡറുകൾ നേടുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ?

(സി) ഉണ്ട്. യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ്, കെൽ, സിൽക്ക് തുടങ്ങിയ കമ്പനികൾക്ക് കെ.എസ്.ഇ.ബി-യുടെ ഓർഡറുകൾ ഉറപ്പാക്കുന്നതിനും, ജലസേചന വകുപ്പിൽ നിന്നും സിൽക്കിന്റെ ഒറ്റപ്പാലം യൂണിറ്റിന് ഓർഡറുകൾ ലഭിക്കുന്നതിനും, കെ.എസ്.ഡി.പി-ക്ക് ആരോഗ്യ വകുപ്പിൽ നിന്നും ഓർഡറുകൾ ലഭ്യമാക്കുന്നതിനും എസ്.ഐ.എഫ്.എൽ, കെൽട്രോൺ എന്നീ കമ്പനികൾക്ക് വി.എസ്.എസ്.സി-യിൽ നിന്നും ഓർഡറുകൾ ലഭ്യമാക്കുന്നതിനും കെൽട്രോൺ, എസ്.ഐ.എഫ്.എൽ, ഓട്ടോകാസ്റ്റ് എന്നീ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് കേന്ദ്ര പ്രതിരോധ വകുപ്പിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ നിന്ന് ഓർഡറുകൾ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

കൂടാതെ സിഡ്കോ, ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ് എന്നിവ വിപണനം ചെയ്യുന്ന ഉൽപ്പന്നങ്ങളും, കെൽട്രോണിന്റെ കംപ്യൂട്ടർ ഉപകരണങ്ങളും ടെണ്ടർ കൂടാതെ മറ്റുള്ള സ്ഥാപനങ്ങൾ വാങ്ങുന്നതിനുമുള്ള അനുമതി നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 662 | | 29.07.2010ൽ മറുപടിയ്ക്ക് |
|---|---|---|
| വിവാഹ ധൂർത്തും ആഡംബരങ്ങളും ഒഴിവാക്കാൻ നടപടി | | |
| ചോദ്യം | | ഉത്തരം |
| ശ്രീമതി. ജെ. അരുന്ധതി<br>ശ്രീമതി.പി. അയിഷ പോറ്റി<br>ശ്രീമതി.കെ.കെ. ലതിക<br>ശ്രീമതി.കെ. എസ്. സലീഖ | | ശ്രീമതി. പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും<br>വകുപ്പു മന്ത്രി) |
| (എ) | വിവാഹ ധൂർത്തും അനാവശ്യ ആഡംബര അചാരങ്ങളും അവസാനിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) വിവാഹ ധൂർത്തും അനാവശ്യ ആഡംബര അചാരങ്ങളും അവസാനിപ്പിക്കുന്നതിന്റെ ഭാഗമായി മത സംഘടനകൾ, അംഗീകൃത രാഷ്ട്രീയ പാർട്ടികൾ, യുവജന/വനിത സംഘടനകൾ എന്നിവയുടെ പ്രതിനിധികളുമായിട്ടുള്ള ചർച്ചക്ക് മുന്നോടിയായി 17.11.2009-ന് യുവജന, വനിതാ സംഘടനകളുടേയും , കേരള വനിതാ കമ്മീഷൻ, കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ, കുടുംബശ്രീ, പോലീസ് വകുപ്പിലെ വിമൻസ് സെൽ, സാമൂഹ്യ സുരക്ഷാ മിഷൻ പ്രതിനിധികൾ എന്നിവരെ പങ്കെടുപ്പിച്ച് സെമിനാർ നടത്തുകയുണ്ടായി.<br>വിവാഹ ധൂർത്തിനും, അനാവശ്യ ആഡംബരങ്ങൾക്കുമെതിരെ ബോധവത്കരണ പരിപാടികൾ, സെമിനാറുകൾ എന്നിവ സംസ്ഥാനമൊട്ടാകെ കേരള വനിതാ കമ്മീഷന്റെ ആഭിമുഖ്യത്തിൽ നടത്തി വരുന്നു. കൂടാതെ ദൃശ്യശ്രാവ്യ മാദ്ധ്യമങ്ങളിലൂടെ പ്രചരണവും നടത്തുന്നുണ്ട്. |

| | | |
|---|---|---|
| (ബി) | ഈ വിഷയവുമായി ബന്ധപ്പെട്ട് ഏതെല്ലാം സാമൂഹ്യ സാമുദായിക യുവജന സംഘടനകളുമായി സർക്കാർ ഇതിനകം ചർച്ച നടത്തിയിട്ടുണ്ട്; | ബി) 17.11.2009-ലെ സെമിനാറിൽ ചുവടെ ചേർക്കുന്ന യുവജന/വനിത സംഘടനകളുടേയും സർക്കാർ വകുപ്പുകളുടേയും സന്നദ്ധ സംഘടനകളുടേയും പ്രതിനിധികൾ പങ്കെടുക്കുകയുണ്ടായി.<br>1) അഖിലേന്ത്യാ ജനാധിപത്യ മഹിളാ അസോസിയേഷൻ<br>2) കേരള മഹിളാ സംഘം<br>3) കേരള മഹിളാ കോൺഗ്രസ്<br>4) ഡമോക്രാറ്റിക് യൂത്ത് ഫെഡറേഷൻ<br>5) മുസ്ലീം യൂത്ത് ലീഗ്<br>6) റവല്യൂഷനറി യൂത്ത് ഫ്രണ്ട്<br>7) കേരള യൂത്ത് ഫ്രണ്ട്<br>8) കേരള സ്ത്രീ വേദി<br>9) സഖി |
| (സി) | വിശദാംശം വെളിപ്പെടുത്തുമോ; | സി) വിവാഹ ധൂർത്തും, അനാവശ്യ ആഡംബര ആചാരങ്ങൾ അവസാനിപ്പിക്കുന്നതിനും ആവശ്യമായ ബോധവത്കരണം ജനങ്ങളിൽ ഉണ്ടാക്കുന്നതിനും അനുഗുണമായ ചർച്ചയാണ് എല്ലാ വിഭാഗങ്ങളിൽ നിന്നും ഉണ്ടായിട്ടുള്ളത്. |
| (ഡി) | ഇക്കാര്യത്തിൽ കൂടുതലായി എന്തെങ്കിലും പദ്ധതികൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ? | ഡി) കേരള വനിതാ കമ്മീഷന്റെയും യുവജന ക്ഷേമ ബോർഡിന്റെയും സംയുക്താഭിമുഖ്യത്തിൽ 'സ്ത്രീധന വിമുക്ത കേരളം, ആർഭാട രഹിത വിവാഹം' എന്ന മുദ്രാവാക്യം ഉയർത്തി സ്ത്രീധനത്തിനും ആർഭാട വിവാഹത്തിനുമെതിരായി 2010-11 പ്രചരണ വർഷമായി ആചരിക്കുന്നതിന് തീരുമാനിക്കുകയും അത് പ്രകാരം പ്രചരണ പരിപാടികൾ, സെമിനാറുകൾ എന്നിവ നടത്തിവരുകയും ചെയ്യുന്നുണ്ട്. ഇതിനായി 2010-11 വർഷത്തെ ബഡ്ജറ്റിൽ 25 ലക്ഷം രൂപ നീക്കി വച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം: * 663** **29.07.2010ൽ മറുപടിക്ക്**

## കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽസ് കോർപ്പറേഷന്റെ കീഴിലുള്ള മില്ലുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി. എൻ. വാസവൻ<br>,, വി. ജെ. തങ്കപ്പൻ<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>ശ്രീ. എം. പ്രകാശൻ മാസ്റ്റർ | ശ്രീ. എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| (എ) കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽസ് കോർപ്പറേഷന്റെ കീഴിലുള്ള മില്ലുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ; | (എ) കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിലുള്ള മില്ലുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>1. മലബാർ സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽ, പ്രഭുറാം മിൽസ്, കോട്ടയം ടെക്സ്റ്റൈൽസ് എന്നിവയിൽ പുനരുദ്ധാരണ പദ്ധതിയുടെ ഭാഗമായി സാങ്കേതികവിദ്യ മെച്ചപ്പെടുത്തുന്നതിന് 24.03 കോടി രൂപ ചെലവഴിച്ച് മെഷിനറികൾ സ്ഥാപിച്ചിട്ടുണ്ട്.<br>2.ഊർജ്ജ ഉപഭോഗത്തിലും ഭരണ ചെലവുകളിലും കുറവുവരുത്താൻ നടപടികളെടുത്തിട്ടുണ്ട്.<br>3. ഉയർന്ന നിലവാരമുള്ള പഞ്ഞി ന്യായമായ വിലയ്ക്ക് ലഭ്യമാക്കാൻ സെൻട്രലൈസ്ഡ് കോട്ടൺ പർച്ചേസ് പദ്ധതി നടപ്പിലാക്കിയതിനെ തുടർന്ന് നല്ല പ്രവർത്തനം കൈവരിക്കാൻ സാധിച്ചിട്ടുണ്ട്.<br>4. വികസന പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകി ട്രിവാൻഡ്രം സ്പിന്നിംഗ് മില്ലിന്റെയും മലബാർ സ്പിന്നിംഗ് ആന്റ് വീവിംഗ് മില്ലിന്റെയും സ്പിന്റിൽ കപ്പാസിറ്റി വികസനം നടപ്പാക്കിയിട്ടുണ്ട്.<br>5. മാനവശേഷി വികസിപ്പിക്കാനും എല്ലാ തരത്തിലുമുള്ള തൊഴിലാളികൾക്കും പരിശീലനം നൽകാനും നടപടികളെടുത്തിട്ടുണ്ട്.<br>6. ട്രിവാൻഡ്രം സ്പിന്നിംഗ് മില്ലിൽ നൂൽ ഉൽപാദനം ഇരട്ടിയാക്കാനുള്ള പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ മിൽ ആഗസ്റ്റ് 2009 മുതൽ നല്ല നിലയിൽ പ്രവർത്തിച്ചു വരികയാണ്. ഇതിനോടകം 98 ശതമാനം ഉൽപാദനം കൈവരിച്ചുകഴിഞ്ഞിരിക്കുകയാണ്. |

7. മാർക്കറ്റ് ഇന്റലിജൻസ് കമ്മിറ്റി രൂപീകരിച്ച് മാർക്കറ്റ് റിസർച്ച് നടത്തുകയുണ്ടായി.
8. ഉന്നതതലത്തിൽ അവലോകനങ്ങൾ നടത്തുന്നുണ്ട്.

(ബി) മലബാർ സ്പിന്നിംഗ് മില്ലിൽ എന്തെല്ലാം വികസന പരിപാടികളാണ് നടപ്പാക്കിയിട്ടുളളത് ;

(ബി) മലബാർ സ്പിന്നിംഗ് മില്ലിൽ താഴെ പറയുന്ന വികസന പരിപാടികൾ നടപ്പാക്കിയിട്ടുണ്ട്.

<u>ഒന്നാം ഘട്ടം</u> - 2003 - 2006 കാലഘട്ടത്തിലെ ഉപയോഗശൂന്യമായിരുന്ന പഴയ 6160 സ്പിന്റിൽ കേടുപാടുകൾ തീർത്ത് പ്രവർത്തനക്ഷമമാക്കി ഡിസംബർ 2006-ൽ തുറന്നു പ്രവർത്തിപ്പിച്ചു.

<u>രണ്ടാം ഘട്ടം</u> - പുതുപുത്തൻ സാങ്കേതിക വിദ്യയുളളതും ലോകോത്തര നിലവാരമുളളതുമായ 10638 സ്പിന്റിലുകൾ സ്ഥാപിച്ച് 2009 നവംബർ 14-ന് പ്രവർത്തനമാരംഭിച്ചു.

<u>മൂന്നാം ഘട്ടം</u> - 5750 സ്പിന്റിലായി ഉയർത്തി 2010 ആഗസ്റ്റ് 14-ന് ഉത്ഘാടനം നടത്തുവാൻ സജ്ജമാക്കിയിട്ടുണ്ട്.

<u>നാലാം ഘട്ടം</u> - 9216 സ്പിന്റിലുകളും അതിന്റെ അനുബന്ധ യന്ത്ര സാമഗ്രികളുമടങ്ങിയ നാലാം ഘട്ട വികസനത്തിനുളള നടപടികൾ ധൃതഗതിയിൽ നടന്നുവരുന്നു. ഇതിനായി ബജറ്റിൽ 15 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതോടെ മില്ലിന്റെ മൊത്തം കപ്പാസിറ്റി 25,344 സ്പിന്റിലാകും. അതോടെ സാങ്കേതികവിദ്യയുടെ അടിസ്ഥാനത്തിൽ ഈ മില്ല് കേരളത്തിലെ ഏറ്റവും നല്ല മില്ലായി മാറുന്നതാണ്. ഈ പദ്ധതി 2010 ഡിസംബർ മാസത്തോടെ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) കോമളപുരത്തുളള കേരള സ്പിന്നേഴ്സ് തുറന്നു പ്രവർത്തിക്കുന്നതിന് സ്വീകരിച്ചിട്ടുളള നടപടികൾ വിശദമാക്കുമോ ;

(സി) കോമളപുരത്തുളള കേരള സ്പിന്നേഴ്സ് വർഷങ്ങളായി പൂട്ടിക്കിടക്കുകയായിരുന്നു. ഈ മിൽ പുനരുദ്ധരിക്കാൻ പഴയ മാനേജ്മെന്റുമായി നിരവധി തവണ ചർച്ചകൾ നടത്തി പരാജയപ്പെട്ട സാഹചര്യത്തിൽ സർക്കാർ ഒരു ഓർഡിനൻസ് മുഖേന മിൽ ഏറ്റെടുത്ത് ടെക്സ്റ്റൈൽ കോർപ്പറേഷനെ ഏൽപ്പിക്കുകയുണ്ടായി. ഈ മില്ലിന്റെ പുനരുദ്ധാരണത്തിനായി 36 കോടി രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. 19 സ്പിന്നിംഗ് ഫ്രെയിമുകളിൽ 18,240 സ്പിന്റിലുകളുളള അതിനൂതന

ടെക്സ്റ്റയിൽ മില്ലാണ് നടപ്പിലാക്കുന്നത്. കൂടാതെ ഈ യൂണിറ്റിൽ 30 എയർജറ്റ്ലൂമുകളും സ്ഥാപിക്കുന്നതാണ്. 95% ഉൽപാദന ക്ഷമത പ്രതീക്ഷിക്കുന്ന ഈ യൂണിറ്റിൽ 36 കോടി രൂപയുടെ വിറ്റുവരവ് പ്രതീക്ഷിക്കുന്നു. ഈ യൂണിറ്റിന്റെ ശിലാസ്ഥാപനം 2010 ജൂൺ 15-ന് നിർവ്വഹിക്കുകയുണ്ടായി. ഈ പദ്ധതിയുടെ മെഷിനറി വാങ്ങുന്നതിനുള്ള ടെന്റർ നടപടികൾ പൂർത്തിയായിട്ടുണ്ട്. സിവിൽ വർക്കുകൾ ധൃതഗതിയിൽ നടന്നുവരുന്നു. 2010 ഡിസംബറിൽ പദ്ധതി കമ്മീഷൻ ചെയ്യാനാവുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) പുതുതായി സ്പിന്നിംഗ് മില്ലുകൾ തുടങ്ങാൻ കോർപ്പറേഷൻ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ?

(ഡി) കാസർഗോഡ് ജില്ലയിലെ ഉദുമയിൽ ഒരു പുതിയ ഓപ്പൺ എൻഡ് സ്പിന്നിംഗ് മിൽ തുടങ്ങുന്നതിനായി 16 കോടി രൂപ ബജറ്റിൽ പ്രഖ്യാപിക്കുകയുണ്ടായി. പ്രസ്തുത മില്ലിന്റെ തറക്കല്ലിടീൽ കർമ്മം 2010 ജൂൺ മാസത്തിൽ നിർവ്വഹിക്കുകയുണ്ടായി. 2010 ഡിസംബർ മാസത്തിൽ ഈ പ്രോജക്റ്റ് പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. മില്ലിൽ പോളിയെസ്റ്റർ ബ്ലെന്റഡ് നൂലാണ് ഉൽപാദിപ്പിക്കുവാൻ ഉദ്ദേശിക്കുന്നത്.

സെക്ഷൻ ഓഫീസർ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. : 664

29/07/2010 - ൽ മറുപടിയ്ക്ക്

ചെക്ക് ഡാമുകൾ നിർമ്മിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ.ശിവദാസൻ നായർ<br>" കെ.ബാബു<br>" സി.പി.മുഹമ്മദ്<br>" ജോർജ് മേഴ്സിയർ | ശ്രീ. എൻ.കെ.പ്രേമചന്ദ്രൻ<br>(ബഹു: ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ നദികളിലൂടെ മഴക്കാലത്ത് ഒഴികിയെത്തുന്ന ജലം ശേഖരിക്കുന്നതിന് ചെക്ക് ഡാമുകൾ നിർമ്മിക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത് ; | (എ) സംസ്ഥാനത്തെ നദികളിലൂടെ മഴക്കാലത്ത് ഒഴുകിയെത്തുന്ന ജലം തടഞ്ഞു നിറുത്തി ഭൂഗർഭ ജല സ്രോതസ്സ് വർദ്ധിപ്പിക്കുന്നതിനും സമീപ പ്രദേശത്തെ ജലനിരപ്പ് ഉയർത്തി കൃഷിക്കും മറ്റാവശ്യങ്ങൾക്കും ജല ലഭ്യത വർദ്ധിപ്പിക്കുന്നതിനുമായി റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ചും, നബാർഡ് ധന സഹായത്തോടെയും, മലബാർ ഇറിഗേഷൻ പാക്കേജിൽ ഉൾപ്പെടുത്തിയും ഇടുക്കി പാക്കേജിലും സംസ്ഥാന ഫണ്ടിലും ഉൾപ്പെടുത്തിയും ചെക്ക് ഡാമുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

| | | | |
|---|---|---|---|
| (ബി) | ഭാരതപുഴയിലും അതിന്റെ പോഷക നദികളിലുമായി എത്ര ചെക്ക് ഡാമുകൾ നിർമ്മിക്കാനാണ് പദ്ധതി തയ്യാറാക്കിയിരുന്നത് ; | (ബി) | ഭാരതപ്പുഴയിലും അതിന്റെ പോഷക നദികളിലുമായി ഇറിഗേഷൻ വകുപ്പ് 46 ചെക്ക് ഡാമുകളും കുടിവെള്ള പദ്ധതികളുടെ സ്രോതസ്സുകൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വാട്ടർ അതോറിറ്റി 7 ചെക്ക് ഡാമുകളും നിർമ്മിക്കുവാനാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. |
| (സി) | ഇതുവരെ ഇവിടെ എത്ര ചെക്ക് ഡാമുകളുടെ നിർമ്മാണം പൂർത്തിയാക്കാൻ സാധിച്ചു എന്നറിയിക്കുമോ ; | (സി) | ഇറിഗേഷൻ വകുപ്പിന്റെ 4 ചെക്ക് ഡാമുകളുടെയും കേരള വാട്ടർ അതോറിറ്റിയുടെ മൂന്ന് ചെക്ക് ഡാമുകളുടെയും നിർമ്മാണം പൂർത്തിയായിട്ടുണ്ട്. |
| (ഡി) | വേനൽക്കാലത്തേക്ക് ജലം സംഭരിക്കുന്നതിനും മഴക്കാലത്തെ പ്രളയ ജലം നിയന്ത്രിക്കുന്നതിനും സഹായകരമാകുന്ന ഇത്തരം ചെക്ക് ഡാമുകളുടെ നിർമ്മാണ പ്രവർത്തനം കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് പ്രത്യേക പദ്ധതിക്ക് രൂപം നൽകുമോ ; | (ഡി) & (ഇ) | സംസ്ഥാനത്തൊട്ടാകെ 23 ചെക്ക് ഡാമുകളുടെ പണി പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ഇ) | ഈ വർഷം ഇത്തരത്തിൽ എത്ര ചെക്ക് ഡാമുകളുടെ പണി പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ടചോദ്യം നമ്പർ. 665 | 29 -07-2010-ൽ മറുപടിയ്ക്ക്

## അന്തർദേശീയ യൂത്ത് എക്സ്ചേഞ്ച് പ്രോഗ്രാം

**ചോദ്യം**

ശ്രീ.സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്:
ശ്രീ.രാജു എബ്രഹാം:
ശ്രീ.സി.എച്ച്.കുഞ്ഞമ്പു:
ശ്രീ.മുരളി പെരുനെല്ലി:

(എ)

യുവജനക്ഷേമ ബോർഡ് ആവിഷ്ക്കരിച്ചിട്ടുള്ള അന്തർദേശീയ യൂത്ത് എക്സ്ചേഞ്ച് പ്രോഗ്രാമിന്റെ വിശദാംശം നൽകുമോ ;

**മറുപടി**

ശ്രീ.എം.വിജയകുമാർ
(നിയമവും പാർലമെന്ററി കാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി)

(എ)

കേരളത്തിലെ യുവജനങ്ങൾക്ക് വിദേശ രാജ്യങ്ങളിലെ കലാ-സാംസ്കാരിക പ്രവർത്തനങ്ങൾ നേരിട്ട് കണ്ട് മനസ്സിലാക്കുവാനുള്ള അവസരമൊരുക്കുക, വിദേശ ഭാഷാ പഠനം, വിദ്യാഭ്യാസ രീതിയെ കുറിച്ചുള്ള അറിവ് നേടൽ എന്നിവയ്ക്കൊപ്പം ഭാരതത്തിന്റെയും മലയാളികളുടെയും സാംസ്കാരിക പൈതൃകവും, പാരമ്പര്യവും മറ്റ് രാജ്യങ്ങളിലെത്തിക്കുകയും കേരളത്തിന്റെ തനത് കലാ രൂപങ്ങൾ അവർക്ക് മനസ്സിലാക്കി കൊടുക്കുക എന്നിവയുമാണ് അന്തർദേശീയ യൂത്ത് എക്സ്ചേഞ്ച് പരിപാടി കൊണ്ട് ലക്ഷ്യമിടുന്നത്.

(ബി) പ്രസ്തുത പദ്ധതി അനുസരിച്ച് കേരളത്തിൽ നിന്നും യുവാക്കൾ ഏതെല്ലാം രാജ്യങ്ങളിൽ സന്ദർശനം നടത്തിയെന്ന് വെളിപ്പെടുത്തുമോ ;

(ബി) അന്തർദേശീയ യൂത്ത് എക്സ്ചേഞ്ച് പ്രോഗ്രാമിന്റെ ഭാഗമായി കേരളത്തിൽ നിന്നും 11 അംഗ സംഘം 02-04-2009 മുതൽ 22-04-2009 വരെ ജർമ്മനി സന്ദർശിച്ചിട്ടുണ്ട്.

(സി) ഇതിനായി യുവാക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കുമോ ;

(സി) ഭാരത സർക്കാർ സംഘടിപ്പിച്ചു വരുന്ന ദേശീയ യുവോത്സവ പ്രതിഭകൾ, സംസ്ഥാന കേരളോത്സവ വിജയികൾ, യുവജന പ്രസ്ഥാനങ്ങളിൽ പ്രവർത്തിച്ച് പ്രാഗത്ഭ്യം തെളിയിച്ചവർ, സർവ്വകലാശാല യുവജനോത്സവ വിജയികൾ തുടങ്ങിയ മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കിയാണ് ഇതിനായി യുവാക്കളെ തെരഞ്ഞെടുക്കുന്നത്.

(ഡി) ഈ പദ്ധതി അനുസരിച്ച് വിദേശങ്ങളിൽ നിന്നുള്ള എത്ര യുവാക്കൾ കേരളം സന്ദർശിച്ചിട്ടുണ്ട് ;

(ഡി) ഈ പദ്ധതിയുടെ ഭാഗമായി ജർമ്മനിയിൽ നിന്നുള്ള 25 യുവാക്കൾ കേരളം സന്ദർശിച്ചുകൊണ്ടിരിക്കുന്നു.

(ഇ) ഇത്തരം പ്രോഗ്രാം മറ്റ് സംസ്ഥാനങ്ങളിൽ നിലവിലുണ്ടോ ;

(ഇ) മറ്റു സംസ്ഥാനങ്ങളിൽ ഇത്തരം പ്രോഗ്രാം നിലവിലുണ്ടോ എന്ന വിവരം അറിവില്ല.

(എഫ്) ഇതിനായി കേന്ദ്ര സഹായം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

(എഫ്) സ്വീകരിയ്ക്കുന്നതാണ്.

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 666 — 29 -07-2010-ൽ മറുപടിയ്ക്ക്

'യുവശക്തി' പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.ബാബു എം. പാലിശ്ശേരി:<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ:<br>ശ്രീ.വി.ശശികുമാർ:<br>ശ്രീ.എസ്.രാജേന്ദ്രൻ: | ശ്രീ.എം.വിജയകുമാർ<br>(നിയമവും പാർലമെന്ററി കാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി) |
| (എ) യുവജനക്ഷേമ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുന്നതിൽ യുവശക്തി പദ്ധതി എത്രമാത്രം പ്രയോജനപ്പെട്ടിട്ടുണ്ടെന്ന്, സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ ; | (എ) ഉണ്ട്. യുവജനക്ഷേമ പദ്ധതികൾ കൂടുതൽ ജനകീയമായി നടപ്പിലാക്കുന്നതിനും താഴെ തട്ടിൽ പദ്ധതിയുടെ പ്രയോജനം എത്തിക്കുന്നതിനും യുവശക്തി പദ്ധതിയിലൂടെ സാധിച്ചിട്ടുണ്ട് എന്ന് വിലയിരുത്തിയിട്ടുണ്ട്. 992 യൂത്ത് കോ ഓർഡിനേറ്റർമാർ കേരളത്തിൽ വിവിധ പഞ്ചായത്തുകളിൽ പ്രവർത്തിയെടുക്കുന്നു. പഞ്ചായത്തുകളിൽ രൂപീകരിച്ചിട്ടുള്ള യൂത്ത് സെന്ററുകൾ മുഖേന വിവിധ പദ്ധതികളിൽ കൂടുതൽ യുവജന പങ്കാളിത്തം ഉറപ്പു വരുത്തുന്നതിനും ഇതു വഴി ഇ.എം.എസ്, സമ്പൂർണ്ണ ഭവന പദ്ധതി, തൊഴിലുറപ്പു പദ്ധതി എന്നീ സർക്കാർ പദ്ധതികൾ നടപ്പിലാക്കുന്നതിനും അതിനു വേണ്ടത്ര ഇടപെടുന്നതിനും സഹായകമായിട്ടുണ്ട്. |

(ബി)

യുവശക്തി പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ;

(ബി)

യുവശക്തി പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്.

1) പഞ്ചവത്സര പദ്ധതിയിൽ യുവജന പങ്കാളിത്തം ഉറപ്പാക്കുക.

2) ഉൽപ്പാദന മേഖലയിൽ ഉൾപ്പെടെ പ്രോജക്ടുകൾ രൂപീകരിക്കുന്നതിനും നടപ്പിലാക്കുന്നതിനും യുവജനങ്ങളേയും യുവജന ക്ലബ്ബുകളേയും ഉപയോഗപ്പെടുത്തുക.

3) സ്വയംതൊഴിൽ സംരംഭങ്ങൾക്ക് പ്രോത്സാഹനവും സഹായങ്ങളും നൽകുക.

4) സ്വയംതൊഴിൽ എക്സ്ചേഞ്ചുകൾ സ്ഥാപിക്കുകയും ലേബർ ബാങ്കുകൾ രൂപീകരിക്കുകയും ചെയ്യുക.

5) യുവാക്കളിൽ സാംസ്കാരിക ബോധം, ചരിത്ര പഠനം, ശാസ്ത്രീയ ചിന്ത, മതേതരത്വം ദേശീയോദ്ഗ്രഥനം തുടങ്ങിയവ വളർത്തിയെടുക്കുക, വിവിധ പരിപാടികൾ സംഘടിപ്പിക്കാൻ യുവജനങ്ങൾക്ക് പ്രോത്സാഹനവും നേതൃത്വവും നൽകുക.

(സി)

യുവശക്തി പദ്ധതികളിൽ ബഹുജന പങ്കാളിത്തം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ;

(സി)

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ സർക്കാർ വകുപ്പുകൾ, പ്രാദേശിക യുവജന സംഘടനകൾ, യൂത്ത് ആർട്സ് & സ്പോർട്സ് ക്ലബ്ബുകൾ എന്നിവയുടെ സഹകരണത്തോടെ യുവശക്തി പദ്ധതികളിൽ കൂടുതൽ ബഹുജന പങ്കാളിത്തം ഉറപ്പു വരുത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

(ഡി)

യൂത്ത് സെന്ററുകളുടെ ചുമതലകൾ എന്തെല്ലാമാണ് ;

(ഡി)

അനുബന്ധമായി ചേർത്തിരിക്കുന്നു.

(ഇ)

യുവശക്തി പദ്ധതികൾ നടപ്പാക്കുന്നതിന് യൂത്ത് സെന്ററുകളെ സജ്ജമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഇ)

യൂത്ത് സെന്ററുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിയ്ക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ യൂത്ത് കോ-ഓർഡിനേഷൻ കമ്മിറ്റികളും, പ്രസ്തുത കമ്മിറ്റി നിശ്ചയിയ്ക്കുന്ന പ്രവർത്തനങ്ങളെ ഏകോപിപ്പിയ്ക്കുന്നതിനായി യൂത്ത് കോ-ഓർഡിനേറ്റർമാരെയും നിയമിച്ചിട്ടുണ്ട്. ഇതിനു പുറമെ ഉപദേശക സമിതികളും യുവശക്തി പദ്ധതിയുടെ ഭാഗമായി നിലവിലുണ്ട്.

(എഫ്)

യൂത്ത് സെന്ററുകളുടെ ആഭിമുഖ്യത്തിൽ സ്വയംതൊഴിൽ എക്സ്ചേഞ്ചുകളും, ലേബർ ബാങ്കും രൂപീകരിക്കുമോ ?

(എഫ്)

ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

സെക്ഷൻ ഓഫീസർ.

അനുബന്ധം

**പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ യൂത്ത് സെന്ററിന്റെ ചുമതലകൾ**

1. പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ അതിർത്തിയിലുള്ള ആർട്സ് & സ്പോർട്സ് ക്ലബ്ബുകളുടെ യോഗം വിളിച്ചു ചേർക്കുകയും, ക്ലബ്ബുകളുടെ പ്രവർത്തനത്തിനാവശ്യമായ സഹായവും ഉപദേശ നിർദ്ദേശങ്ങളും നൽകുക.
2. സ്വയംതൊഴിൽ എക്സ്ചേഞ്ചുകൾ സ്ഥാപിക്കുകയും ലേബർ ബാങ്കുകൾ രൂപീകരിക്കുകയും ചെയ്യുക.
3. സ്വയംതൊഴിൽ സംരംഭകത്വ പരിശീലനം, സ്വയംതൊഴിൽ കണ്ടെത്താനും സഹായങ്ങൾ, പ്രോത്സാഹനം എന്നിവ നൽകുക.
4. യുവജനക്ഷേമത്തിനു വേണ്ടിയുള്ള പഞ്ചവത്സര പദ്ധതികൾ/ജനകീയാസൂത്രണ പദ്ധതികൾ തയ്യാറാക്കുന്നതിനും നടപ്പിലാക്കുന്നതിനും ഗ്രാമപഞ്ചായത്തുകളെ സഹായിക്കുക.
5. ഉൽപ്പാദന മേഖല ഉൾപ്പെടെയുള്ള പ്രോജക്ടുകൾ തയ്യാറാക്കുന്നതിനും, പ്രാവർത്തികമാക്കുന്നതിനും യുവജനങ്ങളേയും യുവജനക്ലബ്ബുകളേയും ഉപയോഗപ്പെടുത്തുക.
6. പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ യുവകർമ്മസേന രൂപീകരിക്കുകയും പ്രവർത്തിപ്പിക്കുകയും ചെയ്യുക.
7. പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ കേരളോത്സവം ജനകീയ പങ്കാളിത്തത്തോടെ നടത്തുന്നതിന് സഹായിക്കുക.
8. യുവജനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള സർവ്വേകൾ, പ്രാദേശിക ചരിത്രരചന തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തുക.
9. മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗത്തിനെതിരെ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുക.
10. രോഗപ്രതിരോധ - ശുചിത്വ പ്രവർത്തനങ്ങൾ, മെഡിക്കൽ ക്യാമ്പുകൾ എന്നിവ സംഘടിപ്പിക്കുക.
11. ശാസ്ത്രീയ ചിന്ത, മതേതരത്വം, സാംസ്കാരിക ബോധം എന്നിവ വളർത്തുന്നതിനും ദേശീയോദ്ഗ്രഥനം ശക്തിപ്പെടുത്തുന്നതിനുമുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.
12. സാംസ്കാരിക പരിപാടികൾ, ഗ്രന്ഥശാലാ പ്രവർത്തനങ്ങൾ തുടങ്ങിയവയ്ക്ക് പ്രോത്സാഹനവും സഹകരണവും നൽകുക.
13. കേന്ദ്ര ഗവൺമെന്റിന്റെ പദ്ധതിയായ വില്ലേജ് നോളജ് സെന്ററുകൾ പഞ്ചായത്ത് തലത്തിൽ ആരംഭിക്കുവാനുള്ള പരിശ്രമങ്ങൾ നടത്തുകയും അതിനുള്ള ഏജൻസികളുമായി ചേർന്ന് പ്രവർത്തിക്കുകയും ചെയ്യുക.
14. സമ്പൂർണ്ണ ശുചിത്വ പദ്ധതി, എൻ.ആർ.എച്ച്.എം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കാൻ സഹായിക്കുക.
15. പൊതു വിദ്യാഭ്യാസം ശക്തിപ്പെടുത്തുന്നതിനു വേണ്ടിയുള്ള പ്രവർത്തനങ്ങൾ നടത്തുകയും, പൊതു വിദ്യാലയങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളിൽ പഞ്ചായത്തുകളുമായും സ്കൂളുകളുമായും സഹകരിച്ച് പ്രവർത്തിക്കുകയും ചെയ്യുക.
16. ടൂറിസം മേഖലയിലെ പ്രവർത്തനങ്ങളിൽ യുവജനങ്ങളെ പങ്കാളികളാക്കുക.
17. ദേശീയ തൊഴിലുറപ്പു പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക.

S.O

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : * 667

29.07.2010-ൽ മറുപടിക്ക്.

## നാഷണൽ ടെക്സ്റ്റൈൽ കോർപ്പറേഷന്റെ സംസ്ഥാനത്തെ തുണിമില്ലുകളുടെ നവീകരണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എൻ. ശക്തൻ :<br>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി :<br>ശ്രീ. കെ. ശിവദാസൻ നായർ : | ശ്രീ. എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| (എ) നാഷണൽ ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന തുണിമില്ലുകളുടെ നവീകരണത്തിനായി പുതിയ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;<br><br>(ബി) ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ ഏതൊക്കെ മില്ലുകളാണ് കേന്ദ്ര സഹായത്തോടെ നവീകരിക്കാൻ തീരുമാനിച്ചിട്ടുള്ളത് ;<br><br>(സി) ഇതിനായി എത്ര കോടി രൂപയുടെ നവീകരണ പദ്ധതിക്കാണ് കേന്ദ്ര സർക്കാർ ധനസഹായം ലഭ്യമാക്കുന്നത് ;<br><br>(ഡി) ഇതിന്റെ ഭാഗമായി വിജയമോഹിനി മിൽ, ലക്ഷ്മി മിൽസ്, അളഗപ്പാ മിൽസ്, കണ്ണൂർ സ്പിന്നിംഗ് മിൽ എന്നിവിടങ്ങളിൽ കൂടുതലായി എത്ര തറികൾ വീതം സ്ഥാപിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ ;<br><br>(ഇ) ഇത്തരത്തിൽ നവീകരണ പ്രവർത്തനത്തിലൂടെ ഈ മില്ലുകളിൽ കൂടുതലായി എത്ര പേർക്ക് നേരിട്ട് തൊഴിൽ നൽകാൻ കഴിയും എന്നാണ് കരുതുന്നത് ;<br><br>(എഫ്) ഈ നവീകരണ പ്രവർത്തനങ്ങൾ എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ? | (എ) മുതൽ (എഫ്) വരെ.<br><br>നാഷണൽ ടെക്സ്റ്റൈൽ കോർപറേഷൻ ഒരു കേന്ദ്ര പൊതുമേഖലാ സ്ഥാപനമാണ്. സംസ്ഥാന വ്യവസായ വകുപ്പുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സ്ഥാപനമല്ല. ആയതിനാൽ വിശദാംശങ്ങൾ വ്യവസായ വകുപ്പിൽ ലഭ്യമല്ല. എന്നിരുന്നാലും ടി. സ്ഥാപനത്തിൽ നിന്നും വിവരം ശേഖരിച്ച് സമർപ്പിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 668 — 29/07/2010-ൽ മറുപടിയ്ക്ക്

### ആധുനിക കാൻസർ മരുന്നുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. ബി. ഗണേഷ്കുമാർ :<br>ശ്രീ. കെ. കെ ഷാജു : | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) |
| (എ) കാൻസർ ചികിത്സാരംഗത്തെ ആധുനിക മരുന്നുകൾ സർക്കാർ ആശുപത്രികൾ, റീജിയണൽ കാൻസർ സെൻറർ തുടങ്ങിയ സ്ഥാപനങ്ങളിൽ ലഭ്യമാക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;<br><br>ബി) കാൻസർ മരുന്നുകൾ വില കുറച്ചു നൽകുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;<br><br>(സി) സ്വകാര്യ മേഖലയിൽ മാത്രം ഇപ്പോൾ ലഭ്യമായ കാൻസർ ചികിത്സാരംഗത്തെ ഏറ്റവും നവീനമായ മരുന്നുകൾ വില കുറച്ച് സർക്കാർ മേഖലയിൽ ലഭ്യമാക്കുന്നതിന് സർക്കാർ പ്രത്യേക നടപടി സ്വീകരിക്കുമോ? | (എ) (ബി) & (സി) കാൻസർ ചികിത്സാരംഗത്ത് നിലവിൽ ആഗോള വിപണിയിൽ ലഭ്യമായിട്ടുള്ള എല്ലാ മരുന്നുകളും റീജിയണൽ കാൻസർ സെൻററിലെ ഫാർമസിയിൽ ലഭ്യമാണ് നിലവാരമുള്ളതും അംഗീകാരമുള്ളതുമായ കമ്പനികളിൽ നിന്നും ടെൻറർ ക്ഷണിച്ച് ലഭ്യമായ ടെൻററുകൾ ആർ. സി. സി.യിലെ മുതിർന്ന ഡോക്ടർമാർ അടങ്ങിയ കമ്മിറ്റിയിൽ വിശദമായ ചർച്ചയ്ക്കുശേഷം മരുന്നുകൾ സെലക്ട് ചെയ്യുകയും കമ്പനികളുമായി നെഗോഷ്യേറ്റ് ചെയ്ത് പരമാവധി കുറഞ്ഞ വിലയ്ക്ക് മരുന്നുകൾ വാങ്ങി സ്റ്റോക്ക് ചെയ്യുന്നു. ഈ മരുന്നുകൾ പൊതുവിപണിയിൽ കിട്ടുന്നതിനേക്കാൾ 20% മുതൽ 50% വരെ കുറഞ്ഞ വിലയ്ക്ക് രോഗികൾക്ക് നൽകുന്നു. മലബാർ കാൻസർ സെൻററിൽ എല്ലാ വർഷവും ടെൻററുകൾ ക്ഷണിച്ച് അതിൽ നിന്നും തെരഞ്ഞെടുക്കുന്ന കമ്പനികളുമായി നെഗോഷ്യേറ്റ് ചെയ്ത് പരമാവധി കുറഞ്ഞ വിലയ്ക്ക് മരുന്നുകൾ വാങ്ങി സംഭരിച്ച് വില്പനവിലയിൽ നിന്നും കുറഞ്ഞനിരക്കിൽ രോഗികൾക്ക് ലഭ്യമാക്കുന്നു. മെഡിക്കൽ കോളേജുകളിൽ എത്തുന്ന കാൻസർ രോഗികൾക്ക് HDC ന്യായവില മെഡിക്കൽ ഷോപ്പുകൾ വഴി കുറഞ്ഞ വിലയ്ക്ക് മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 669 — 29.07.2010-ൽ മറുപടിക്ക്

### ജനനീ സുരക്ഷാ യോജന പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| *ശ്രീ.ആർ.സെൽവരാജ് :*<br>*ശ്രീ.എം.ഹംസ :*<br>*ശ്രീമതി.ജെ.അരുന്ധതി :*<br>*ശ്രീ.കെ.വി.അബ്ദുൾ ഖാദർ :* | *ശ്രീമതി. പി.കെ.ശ്രീമതി ടീച്ചർ*<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) . |
| (എ) ആരോഗ്യ കുടുംബക്ഷേമ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | (എ) ആരോഗ്യ കുടുംബക്ഷേമ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിൻെറ ഭാഗമായി ഫീൽഡുവിഭാഗം ജീവനക്കാർക്കും ഡോക്ടർമാർക്കും വിവിധ തരത്തിലുള്ള ട്രെയിനിംഗുകൾ നടത്തിവരുന്നുണ്ട്. ഫീൽഡുവിഭാഗം ജീവനക്കാരായ ജെ.പി.എച്ച് .എൻ മാരുടെ ഒഴിവുകൾ നികത്തുവാനുള്ള നടപടികൾ കൈക്കൊള്ളുകയും അവർക്ക് അർഹമായ പ്രൊമോഷൻ നടപ്പിൽ വരുത്തുകയും ചെയ്യു. കൂടാതെ ഫീൽഡ് തലത്തിൽ 31,838 ആശാപ്രവർത്തകരെ നിയോഗിച്ചു.<br>2006-07 സാമ്പത്തികവർഷത്തിൽ കേന്ദ്ര സർക്കാർ അനുവദിച്ച 4.5 കോടി രൂപ ഡബിൾ പഞ്ചർ ലാപ്രോസ്കോപ്പ് വാങ്ങുന്നതിന് ചെലവഴിച്ചിട്ടുണ്ട്. 4,40,000/-രൂപ ഉപയോഗിച്ച് 92 ലാപ്രോസ്കോപ്പ് മെഷീൻ വാങ്ങി വന്ധ്യംകരണ ശസ്ത്രക്രിയ നടത്തുന്ന ആശുപത്രികൾക്കായി വിതരണം ചെയ്യുകയുണ്ടായി. ആരോഗ്യ കുടുംബക്ഷേമ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കിയതിൻെറ നേട്ടങ്ങളുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു. |

| | | | |
|---|---|---|---|
| (ബി) | സംസ്ഥാനത്തെ ജനന നിരക്ക് എത്രയാണ് ; ദേശീയതലത്തിൽ എത്രയാണെന്ന് വ്യക്തമാക്കാമോ ; | (ബി) | സംസ്ഥാനത്തെ ജനന നിരക്ക് 14.6 ഉം ദേശീയതലത്തിലെ ജനനനിരക്ക് 22.8 ഉം ആണ്. |
| (സി) | ശിശുമരണനിരക്ക് എത്രയാണ് ; ദേശീയതലത്തിൽ എത്രയാണ് ; | (സി) | സംസ്ഥാനത്തെ ശിശുമരണ നിരക്ക് 12 ഉം ദേശീയ തലത്തിൽ 53 ഉം ആണ്. |
| (ഡി) | സുരക്ഷിത മാതൃത്വം എന്ന ലക്ഷ്യത്തോടെ നടപ്പാക്കി വരുന്ന 'ജനനീ സുരക്ഷാ യോജന' പദ്ധതിക്കായി കഴിഞ്ഞ വർഷം എത്ര കോടി രൂപ ചെലവായിട്ടുണ്ട് ; | (ഡി) | ജനനീ സുരക്ഷാ പദ്ധതിക്കായി 2009-10 സാമ്പത്തിക വർഷത്തിൽ 11.61 കോടി രൂപ ചെലവഴിച്ചു. |
| (ഇ) | 'ജനനീ സുരക്ഷാ യോജന' പദ്ധതി പ്രകാരം കഴിഞ്ഞ വർഷം എത്ര അമ്മമാർക്ക് ആനുകൂല്യം നൽകിയിട്ടുണ്ട് ; | (ഇ) | ജനനീ സുരക്ഷാ പദ്ധതി പ്രകാരം 2009-10 സാമ്പത്തികവർഷത്തിൽ 1,34,974 പേർക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. |
| (എഫ്) | നവജാത ശിശുക്കളുടെ സംരക്ഷണത്തിനായി പരിശീലന പരിപാടികൾ നടത്തുന്നുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ? | (എഫ്) | നവജാത ശിശുക്കളുടെ സംരക്ഷണത്തിന് വേണ്ടി സംസ്ഥാനതല ജില്ലാതല പരിശീലനങ്ങൾ ബന്ധപ്പെട്ട ആരോഗ്യ പ്രവർത്തകർക്ക് (ഡോക്ടർമാർ, സ്റ്റാഫ് നേഴ്സുമാർ, ആശ വർക്കേഴ്സ്, ഫീൽഡ് സ്റ്റാഫുകൾ) ഇന്ത്യൻ അക്കാഡമി ഓഫ് പീടിയാട്രീഷ്യൻസ് (IAP) വഴി എൻ.ആർ.എച്ച്.എം നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| FW-Achievements for 2005-06 to 2009-10 | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| Year | Vasectomy | Tubectomy | | | Total | % | IUD | % | CC Users | OP users |
| | | PPS | ML | Lapro | | | | | | |
| 2005-06 | 1587 | 113896 | 7143 | 20060 | 142686 | 85.70 | 79225 | 61.00 | 192591 | 30962 |
| 2006-07 | 840 | 113533 | 6184 | 14529 | 135086 | 83.20 | 69192 | 69.40 | 152884 | |
| 2007-08 | 1575 | 101553 | 5195 | 15780 | 124103 | 80.49 | 63192 | 75.95 | 102942 | 181031 |
| 2008-09 | 4663 | 101056 | 5064 | 19276 | 130059 | 90.00 | 66267 | 88.31 | 160634 | 26697 |
| 2009-10 | 3724 | 75401 | 3858 | 18314 | 101297 | 72.00 | 62238 | 76.84 | 130814 | 23002 |

| IMMUNISATION STATUS FROM 2002-2010 | | | | | | | | |
|---|---|---|---|---|---|---|---|---|
| Year | 2002-03 | 2003-04 | 2004-05 | 2005-06 | 2006-07 | 2007-08 | 2008-09 | 2009-10 |
| BCG | 102.99 | 96.02 | 104.32 | 102.01 | 94.64 | 47.93 | 93.92 | 103.32 |
| DPT | 95.82 | 95.57 | 99.29 | 99.32 | 92.77 | 45.55 | 91.60 | 106.73 |
| OPV | 87.85 | 95.14 | 98.96 | 99.98 | 92.13 | 44.60 | 92.84 | 106.96 |
| Measles | 90.58 | 86.38 | 95.91 | 97.71 | 88.14 | 42.59 | 91.80 | 97.44 |
| Fully immunized | 90.58 | 90.00 | 95.91 | 97.71 | 88.14 | 34.48 | 91.80 | 97.44 |

(തുടർച്ച....2)

**Infant Mortality Rate**

| Year | Total | | Rural | | Urban | |
|---|---|---|---|---|---|---|
| | India | Kerala | India | Kerala | India | Kerala |
| 2005 | 58 | 14 | 64 | 15 | 40 | 12 |
| 2006 | 57 | 15 | 62 | 16 | 39 | 12 |
| 2007 | 55 | 13 | 61 | 14 | 37 | 10 |
| 2008 | 53 | 12 | 58 | 12 | 36 | 10 |

**Neonatal Mortality Rate**

| Year | Total | | Rural | | Urban | |
|---|---|---|---|---|---|---|
| | India | Kerala | India | Kerala | India | Kerala |
| 2005 | 37 | 11 | 41 | 11 | 23 | 10 |
| 2006 | 37 | 10 | 41 | 12 | 23 | 7 |
| 2007 | 36 | 7 | 40 | 9 | 22 | 2 |
| 2008 | 35 | 7 | 39 | 9 | 21 | 3 |

**Early Neonatal Mortality Rate**

| Year | Total | | Rural | | Urban | |
|---|---|---|---|---|---|---|
| | India | Kerala | India | Kerala | India | Kerala |
| 2005 | 28 | 9 | 31 | 8 | 16 | 10 |
| 2006 | 28 | 8 | 32 | 8 | 16 | 6 |
| 2007 | 29 | 6 | 32 | 7 | 16 | 2 |
| 2008 | 27 | 5 | 31 | 6 | 16 | 3 |

**Late Neonatal Mortality Rate**

| Year | Total | | Rural | | Urban | |
|---|---|---|---|---|---|---|
| | India | Kerala | India | Kerala | India | Kerala |
| 2005 | 9 | 2 | 9 | 3 | 7 | 0 |
| 2006 | 9 | 3 | 9 | 3 | 7 | 1 |
| 2007 | 8 | 2 | 8 | 3 | 6 | 0 |
| 2008 | 8 | 2 | 9 | 3 | 5 | 0 |

**Post Neonatal Mortality Rate**

| Year | Total | | Rural | | Urban | |
|---|---|---|---|---|---|---|
| | India | Kerala | India | Kerala | India | Kerala |
| 2005 | 22 | 3 | 23 | 4 | 17 | 2 |
| 2006 | 20 | 5 | 22 | 4 | 16 | 5 |
| 2007 | 19 | 5 | 20 | 4 | 16 | 8 |
| 2008 | 18 | 4 | 19 | 3 | 15 | 7 |

**Peri Natal Mortality Rate**

| Year | Total | | Rural | | Urban | |
|---|---|---|---|---|---|---|
| | India | Kerala | India | Kerala | India | Kerala |
| 2005 | 37 | 17 | 40 | 18 | 24 | 14 |
| 2006 | 37 | 15 | 41 | 16 | 24 | 11 |
| 2007 | 37 | 12 | 41 | 13 | 24 | 8 |
| 2008 | 35 | 13 | 39 | 15 | 22 | 5 |

**Still Birth Rate**

| Year | Total | | Rural | | Urban | |
|---|---|---|---|---|---|---|
| | India | Kerala | India | Kerala | India | Kerala |
| 2005 | 9 | 9 | 9 | 10 | 8 | 4 |
| 2006 | 9 | 8 | 9 | 8 | 8 | 6 |
| 2007 | 9 | 7 | 9 | 7 | 8 | 6 |
| 2008 | 8 | 7 | 9 | 9 | 7 | 2 |

**Crude Birth Rate**

| Year | Total | | Rural | | Urban | |
|---|---|---|---|---|---|---|
| | India | Kerala | India | Kerala | India | Kerala |
| 2005 | 23.8 | 15 | 25.6 | 15.1 | 19.1 | 14.8 |
| 2006 | 23.5 | 14.9 | 25.2 | 15 | 18.8 | 14.6 |
| 2007 | 23.1 | 14.7 | 24.7 | 14.8 | 18.6 | 14.5 |
| 2008 | 22.8 | 14.6 | 24.4 | 14.6 | 18.5 | 14.6 |

**Under 5 Mortality Rate**

| Year | Total | | Rural | | Urban | |
|---|---|---|---|---|---|---|
| | India | Kerala | India | Kerala | India | Kerala |
| 2008 | 59 | 14 | 76 | 14 | 43 | 12 |

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 670 | 29/07/2010-ൽ മറുപടിയ്ക്ക് |
|---|---|

# ഗ്രാമീണ സേവനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. എം. ആരിഫ് :<br>ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി :<br>ശ്രീ. രാജു എബ്രഹാം<br>ശ്രീ. കെ.കെ. ജയചന്ദ്രൻ | ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |

| | | |
|---|---|---|
| (എ) | ഗ്രാമീണ മേഖലയിൽ ഡോക്ടർമാരുടെ സേവനം ഉറപ്പാക്കുന്നതിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ; | (എ) ഗ്രാമീണ മേഖലയിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലും ആവശ്യത്തിനുള്ള റെഗുലർ ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്. ഇതിനു പുറമെ എം.ബി.ബി.എസ്. പഠനം വിജയകരമായി പൂർത്തിയാക്കുന്ന വിദ്യാർത്ഥികളെയും ഗ്രാമീണ സേവനത്തിനായി മുകളിൽ പറഞ്ഞ ആശുപത്രികളിൽ നിയമിക്കാറുണ്ട്. |
| (ബി) | ഡോക്ടർമാർക്ക് ഗ്രാമീണ സേവനം നിർബന്ധമാക്കിയിട്ടുണ്ടോ ; | (ബി) 1998 മുതലുള്ള പ്രൊഫഷണൽ ഡിഗ്രി പ്രോസ്പക്ടസിൽ കേരളത്തിലെ സർക്കാർ മെഡിക്കൽ കോളേജുകളിൽ വിജയകരമായി എം.ബി.ബി.എസ്. പഠനം പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് ഗ്രാമീണ സേവനം നിർബന്ധമാണെന്ന് വ്യക്തമാക്കിയിരുന്നെങ്കിലും ഇത് നടപ്പിലാക്കിയത് ഈ സർക്കാർ അധികാരത്തിൽ വന്നശേഷമാണ്. 22.12.2006 ലെ GO(MS)272/06/H&FWD ഉത്തരവ് അനുസരിച്ചാണ് ഗ്രാമീണസേവനം നിർബന്ധമാക്കി നടപ്പാക്കിയത്. |

| | |
|---|---|
| (സി) ഗ്രാമീണ സേവനത്തിന് ഡോക്ടർമാർക്ക് പ്രത്യേക ആനുകൂല്യങ്ങൾ നല്കു ന്നുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ; | (സി) നിർബന്ധിത ഗ്രാമീണ സേവനം നടത്തു ന്ന ഡോക്ടർമാർക്ക് ഗ്രാമീണ മേഖലയിൽ ശമ്പള ത്തിനു പുറമെ 3000 രൂപയും ദുർഘട ഗ്രാമീണ മേഖലയിൽ 5000 രൂപയും അലവൻസായി നല്കു ന്നുണ്ട്. കൂടാതെ ഇങ്ങനെ സേവനം നടത്തുന്ന ഡോക്ടർമാർക്ക് ബിരുദാനന്തര പ്രവേശന പരീ ക്ഷയിൽ 10 മുതൽ 30% വരെ വെയിറ്റേജ് നല്കാ മെന്ന് ഇന്ത്യൻ മെഡിക്കൽ കൗൺസിൽ നിഷ്കർ ഷിച്ചിട്ടുണ്ട്. |
| (ഡി) സഹകരണ മെഡിക്കൽ കോളേജുക ളിൽ പഠനം പൂർത്തിയായവർക്ക് നിർ ബന്ധിത ഗ്രാമീണ സേവനം നടപ്പാക്കി യിട്ടുണ്ടോ ; | (ഡി) സഹകരണ മെഡിക്കൽ കോളേജുക ളിൽ മെരിറ്റ് വിഭാഗത്തിൽ പഠിക്കുന്ന വിദ്യാർ ത്ഥികൾക്ക് ഗ്രാമീണ സേവനം നിർബന്ധമാക്കി യിട്ടുണ്ട്. |
| (ഇ) ഗ്രാമീണ മേഖലയിൽ ഇപ്പോൾ ഡോക്ടർ മാരുടെ തസ്തികകൾ ഒഴിഞ്ഞുകിടക്കു ന്നുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ? | (ഇ) ഗ്രാമീണ മേഖലയിലെ ഒഴിവു വരുന്ന ഡോക്ടർമാരുടെ തസ്തികകൾ അതാത് സമയം P.S.C. യ്ക്ക് റിപ്പോർട്ട് ചെയ്ത് നിയമനം നടത്തുന്നു ണ്ട്. നിലവിലുള്ള ഒഴിവുകളും റിപ്പോർട്ട് ചെയ്തി ട്ടുണ്ട്. |

Sd/-

**സെക്ഷൻ ഓഫീസർ**

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 671 - 29.07.2010-ൽ മറുപടിക്ക്**

## ഹർത്താലും ബന്ദും നിരോധിക്കുന്നത് സംബന്ധിച്ച് നിയമപരിഷ്കാര കമ്മീഷൻ ശുപാർശകൾ

**ചോദ്യം**

ശ്രീ. കെ.സി. ജോസഫ്
,, പി.സി. വിഷ്ണുനാഥ്
,, എൻ. ശക്തൻ
,, വി.ഡി. സതീശൻ

**ഉത്തരം**

ശ്രീ. എം. വിജയകുമാർ
(നിയമവും പാർലമെന്ററി കാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി.)

(എ) സംസ്ഥാനത്ത് ഹർത്താലും ബന്ദും നിരോധിക്കാൻ ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യർ അദ്ധ്യക്ഷനായിരുന്ന നിയമപരിഷ്കാര കമ്മീഷൻ ബിൽ തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചിരുന്നുവോ;

സമർപ്പിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് ബന്ദുകളും ഹർത്താലുകളും നിരോധിക്കുന്നത് സംബന്ധിച്ച് പ്രസ്തുത കരട് ബില്ലിൽ എന്തൊക്കെ വ്യവസ്ഥകളാണ് പ്രധാനമായും ഉൾപ്പെടുത്തിയിരുന്നത്;

(സി) സംസ്ഥാനത്ത് നടക്കുന്ന ബന്ദും ഹർത്താലും സാധാരണക്കാരെയാണ് കൂടുതൽ ബാധിക്കുന്നത് എന്നതു കൊണ്ട്, അവ പൂർണ്ണമായും നിരോധിക്കണമെന്ന വ്യവസ്ഥ പ്രസ്തുത ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ഡി) ഹർത്താലും, ബന്ദും നടക്കുമ്പോൾ, നാശനഷ്ടങ്ങൾ ഉണ്ടായാൽ, ബന്ധപ്പെട്ടവർക്ക് നഷ്ടപരിഹാരം നൽകാൻ ഒരു പ്രത്യേക ഫണ്ട് രൂപീകരിക്കണമെന്ന നിർദ്ദേശം സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇത് സംബന്ധിച്ച് ബില്ലിൽ എന്തൊക്കെ നിർദ്ദേശങ്ങളാണ് ഉള്ളത്;

(ഇ) പ്രസ്തുത ബിൽ നടപ്പ് നിയമസഭയിൽ അവതരിപ്പിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

(ബി) മുതൽ (ഇ) വരെ: കമ്മീഷൻ റിപ്പോർട്ട് മന്ത്രിസഭാ ഉപസമിതിയുടെ പരിശോധനയിലാണ്.

ഉത്തരവിൻ പ്രകാരം,

Bismol Baby

സെക്ഷൻ ആഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 672 — 29.7.2010-ൽ മറുപടിക്ക്

<u>മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ പ്രവർത്തനങ്ങൾ</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. വി.എസ്. സുനിൽകുമാർ എം.എൽ.എ<br>" എൻ. രാജൻ എം.എൽ.എ<br>" കെ. രാജു എം.എൽ.എ.<br>" ബാബു പോൾ എം.എൽ.എ. | ശ്രീ.എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| എ. സംസ്ഥാനത്ത് മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്തെ ഖനിജാധിഷ്ഠിത വ്യവസായങ്ങളുടെ വളർച്ചയും വികസനവും ലക്ഷ്യമിട്ടുകൊണ്ട് വിശദമായ ധാതുപര്യവേക്ഷണങ്ങൾ നടത്തുക, 1957-ലെ മൈൻസ് & മിനറൽസ് (ഡവല്പ്പ്മെന്റ് & റെഗുലേഷൻ) ആക്ടും 1960-ലെ മിനറൽ കൺസഷൻ ചട്ടങ്ങളും, 1967-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളും മുഖേന വകുപ്പിൽ നിക്ഷിപ്തമായിട്ടുള്ള അധികാരങ്ങൾ ഉപയോഗിച്ച് ഖനിജങ്ങളുടെ ഖനനപ്രവർത്തനത്തെ സംബന്ധിച്ചുള്ള നടപടികൾ സ്വീകരിക്കുക എന്നീ ദ്വിമുഖ ചുമതലകളാണ് മൈനിംഗ് ആന്റ് ജിയോളജി വകുപ്പിൽ നിക്ഷിപ്തമായിട്ടുള്ളത്. |

| | |
|---|---|
| ബി. ഈ വകുപ്പിന്റെ കീഴിൽ എത്ര ലബോറട്ടറികളുണ്ട്; ഈ ലബോറട്ടറികളിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടക്കുന്നതെന്നും വ്യക്തമാക്കുമോ; | (ബി) ഈ വകുപ്പിന്റെ കീഴിൽ മൂന്ന് ലബോറട്ടറികൾ ഉണ്ട്.<br><br>1. <u>രാസപരിശോധനാ ലബോറട്ടറി-</u> ഇവിടെ ധാതുക്കളുടെ രാസപരിശോധനയിൽ ധാതുക്കൾ നിർണ്ണയിക്കുകയും വ്യാവസായിക ഗുണനിലവാരം നിശ്ചയിക്കുകയും ചെയ്യുന്നു.<br><br>2. <u>മിനറോളജി & ജെം ടെസ്റ്റിംഗ് ലാബ്</u> - ഇവിടെ ധാതുക്കളുടെ തിൻസെക്ഷൻസ് പഠനം നടത്തി ധാതു നിർണ്ണയിക്കുന്നു. കൂടാതെ രത്നക്കല്ലുകൾ പരിശോധിച്ചു അവയ്ക്ക് സർട്ടിഫിക്കറ്റ് നൽകുന്നു.<br><br>3. <u>ജി.ഐ.എസ്. ലബോറട്ടറി-</u> ഇവിടെ ധാതുപര്യവേക്ഷണങ്ങളിൽ നിന്നും ലഭിക്കുന്ന ഡാറ്റ (data) വിശകലനം ചെയ്യുന്നതിനും, ഇവ ഭൂപടമാപ്പുകൾ തയ്യാറാക്കുന്നതിനും ധാതു പര്യവേക്ഷണ റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനും ഉപയോഗപ്പെടുത്തുന്നു.<br><br>വകുപ്പിൽ നടന്നുവരുന്ന വിവിധ ധാതുപര്യവേക്ഷണ പ്രവർത്തനങ്ങളുടെ അനുബന്ധപ്രവർത്തനങ്ങളാണ് ഈ മൂന്ന് ലബോറട്ടറികളിലും നടന്നുവരുന്നത്. |

| | |
|---|---|
| സി. സംസ്ഥാനത്തുള്ള ധാതു സമ്പത്തിനെക്കുറിച്ച് വിശദമായ ഒരു സർവ്വേ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ സർവ്വേയുടെ വെളിച്ചത്തിൽ ധാതുസമ്പത്തിന്റെ മൂല്യവർദ്ധന ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ? | (സി) നടത്തിയിട്ടുണ്ട്.<br>സംസ്ഥാനത്തുള്ള ധാതു സമ്പത്തിനെക്കുറിച്ച് വിശദമായ സർവ്വേകൾ വർഷങ്ങളായി മൈനിംഗ് ആന്റ് ജിയോളജി വകുപ്പിൽ നടന്നുവരുന്നു. മുമ്പ് കേരള മിനറൽ എക്സ്പ്ലോറേഷൻ ആന്റ് ഡവലപ്പ്മെന്റ് പ്രോജക്ടിൽ ഉൾപ്പെടുത്തി വൻകിട ധാതുക്കളുടെ പര്യവേക്ഷണം നടത്തുകയുണ്ടായി. പ്രസ്തുത പര്യവേക്ഷണ പ്രവർത്തനങ്ങളുടെ ഫലമായി സംസ്ഥാനത്ത് ലൈംസ്റ്റോൺ, ചൈനാ ക്ലേ, ലൈം ഷെൽ, ബോക്സൈറ്റ്, ഗ്രാഫൈറ്റ്, സിലിക്കാ മണൽ, മുതലായ ധാതുസമ്പത്തുക്കൾ കണ്ടുപിടിക്കുകയും ആയത് ഇപ്പോൾ ഖനനം നടത്തുകയും ടി ധാതുക്കൾ മൂല്യവർദ്ധന നടത്തുകയും ചെയ്യുന്നുണ്ട്. കൂടാതെ ചെറുകിട ധാതുക്കളായ കളിമണ്ണ്, മണൽ, കരിങ്കല്ല്, അലങ്കാരവിതാനശിലകൾ എന്നിവ സർവ്വേയിലൂടെ കണ്ടെത്തുകയും ആയത് എം-സാന്റ്, മെറ്റൽ, ഇഷ്ടിക, ഓട്, കളിമൺപാത്രങ്ങൾ എന്നിവകളുടെ രൂപത്തിൽ മൂല്യവർദ്ധന നടത്തുകയും ചെയ്യുന്നുണ്ട്. സിലിക്കാ മണൽ ഖനനാനുമതിക്കായി അപേക്ഷിക്കുമ്പോൾ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള യൂണിറ്റുകൾ ഉണ്ടായിരിക്കണമെന്ന് ഉറപ്പുവരുത്തണം എന്നും നിഷ്കർഷിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം: * 673** **29.07.2010ൽ മറുപടിക്ക്**

## കൈത്തറി സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ

**ചോദ്യം**

ശ്രീ. വി. ജെ. തങ്കപ്പൻ
„ പി. ജയരാജൻ
„ സി. കെ. പി. പത്മനാഭൻ
„ കെ. വി. കുഞ്ഞിരാമൻ

**ഉത്തരം**

ശ്രീ. എളമരം കരീം
(വ്യവസായ വകുപ്പ് മന്ത്രി)

(എ) കൈത്തറി സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നത് ;

(എ) കൈത്തറി സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നൽകി വരുന്ന സഹായങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

(ബി) പ്രാഥമിക കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങളിലെ തൊഴിലാളികൾക്കും ജീവനക്കാർക്കും അവരുടെ കഴിവുകൾ വികസിപ്പിക്കുന്നതിനും ഉല്പന്ന വൈവിധ്യവത്ക്കരണത്തിനുമായി പരിശീലനം നൽകുന്നതിന് പദ്ധതിയുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(ബി) ഉണ്ട്. ഇതര വസ്ത്രോല്പന്ന മേഖലയിലെ ഉല്പന്നങ്ങളുമായി കിടപിടിയ്ക്കുന്ന രീതിയിൽ ആകർഷണീയതയും കലാമേന്മയുമുള്ള ഉല്പന്നങ്ങൾ കൈത്തറി മേഖലയിൽ ഉല്പാദിപ്പിക്കണമെങ്കിൽ മികച്ച പരിശീലനവും, കാലഹരണപ്പെട്ട ഉല്പാദനോപാധികളും, രീതികളും ഡിസൈനുകളും മാറ്റുക എന്നതും അത്യന്താപേക്ഷിതമാണ്. ഇതിനായി വിവിധതരം പരിശീലന പദ്ധതികൾ കൈത്തറി സഹകരണ സംഘങ്ങൾ കേന്ദ്രീകരിച്ച് ആവിഷ്ക്കരിച്ചിട്ടുണ്ട്. ഈ പരിശീലന പരിപാടികളിൽ പങ്കെടുക്കുന്നതിന് നെയ്ത്തു തൊഴിലാളികളെ പ്രേരിപ്പിക്കുന്നതിനായി അവരുടെ വേതനത്തോട് അടുത്തു നിൽക്കുന്ന തുക സ്റ്റൈപ്പന്റായി നൽകിക്കൊണ്ടാണ് പരിശീലന പരിപാടികൾ നടപ്പിലാക്കുന്നത്. ഇത്തരം പരിശീലനത്തിലൂടെ വൈവിദ്ധ്യമേറിയ ഉല്പന്നങ്ങൾ ജക്കാർഡ്, ഡോബി എന്നീ ഉപകരണങ്ങളുടെ സഹായത്തോടെ നെയ്യുന്നതിന് നെയ്ത്തുകാരെ പ്രാപ്തരാക്കുന്നു. ഇതുവഴി പരമ്പരാഗത ഉല്പ്പന്നങ്ങൾ നെയ്യാൻ മാത്രം പ്രാപ്തിയുണ്ടായിരുന്ന നെയ്ത്തുകാർക്ക് വൈവിദ്ധ്യമേറിയ ഉല്പന്നങ്ങൾ നിർമ്മിക്കാനും അതുവഴി കൂടുതൽ വേതനം നേടാനും സാഹചര്യം സൃഷ്ടിക്കുന്നു.

കൂടാതെ തറികളിൽ ലഘുവായ ഉപകരണങ്ങൾ (Take up-Let off motion) ഘടിപ്പിയ്ക്കുന്നതിന് 100% ഗ്രാന്റ് ആയി ധനസഹായം നൽകുന്നു. ഈ ഉപകരണങ്ങൾ ഘടിപ്പിക്കുന്നതു വഴി ഉല്പാദനം വർദ്ധിയ്ക്കുകയും നെയ്ത്തുജോലിയുടെ ആയാസം കുറയുകയും ചെയ്യുന്നു. ആധുനിക വിവരവിനിമയ സാങ്കേതിക വിദ്യയെ പ്രയോജനപ്പെടുത്തി ഡിസൈൻ വികസിപ്പിക്കുന്നതിനും വിപണനം മെച്ചപ്പെടുത്തുന്നതിനും കൈത്തറി സഹകരണ സംഘങ്ങൾക്ക് കമ്പ്യൂട്ടറും സോഫ്റ്റ്വെയറും സൗജന്യമായി നൽകാനും പദ്ധതിയുണ്ട്. കൈത്തറി മേഖലയിലെ പ്രീലൂം പ്രോസസ്സിങ്ങിൽ (വാർപ്പിംഗ്, വൈൻഡിംഗ്, സൈസിംഗ്, ഡൈയിംഗ്) ഭാഗികയന്ത്രവൽക്കരണം നടത്തുന്നതിനും 80% ഗ്രാന്റ് അനുവദിക്കുന്നുണ്ട്. ജീവനക്കാർക്കായി മാനേജ്മെന്റ് ട്രെയിനിങ്ങും നൽകിവരുന്നുണ്ട്.

(സി) വ്യാജ കൈത്തറി സഹകരണ സംഘങ്ങൾ കണ്ടെത്തി അവയ്ക്കെതിരെ നടപടി സ്വീകരിക്കുമോ ;

(സി) വ്യാജ കൈത്തറി സഹകരണ സംഘങ്ങളെ കണ്ടെത്താനും അവയ്ക്കെതിരെ നടപടി സ്വീകരിക്കാനും വേണ്ടി കൈത്തറി വകുപ്പിലെ ഉദ്യോഗസ്ഥരുടെ വിവിധ ടീമുകളെ നിയോഗിച്ചിരുന്നു. പക്ഷേ ഇവരുടെ പരിശോധനയ്ക്കെതിരെ ചില കൈത്തറി സംഘങ്ങൾ ഹൈക്കോടതിയെ സമീപിച്ച് സ്റ്റേ വാങ്ങിയിരിയ്ക്കുന്നതിനാൽ പരിശോധന നിർത്തിവച്ചിരിക്കയാണ്. സ്റ്റേ ഒഴിവാക്കുവാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) പ്രാഥമിക കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങൾക്ക് പ്രദർശനങ്ങൾ സംഘടിപ്പിക്കുന്നതിന് എന്തെല്ലാം സഹായങ്ങൾ നൽകുന്നുണ്ട് ;

(ഡി) കൈത്തറി ഉല്പന്നങ്ങളുടെ വിപണനം വർദ്ധിപ്പിക്കുന്നതിനായി ഉത്സവ സീസണുകളോടനുബന്ധിച്ച് വർഷത്തിൽ 56 ദിവസത്തെ റിബേറ്റ് നൽകിവരുന്നു. കൈത്തറി & ടെക്സ്റ്റൈൽസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ വിഷു, ഓണം, റംസാൻ ക്രിസ്തുമസ് സീസണുകളിൽ സംസ്ഥാനത്തെ പ്രമുഖ കേന്ദ്രങ്ങളിൽ വില്പന പ്രദർശന മേളകൾ സംഘടിപ്പിക്കുന്നു. ചില ജില്ലകളിൽ ജില്ലാ സഹകരണ ബാങ്കുകളുടെ സഹായത്തോടെ പ്രദർശന മേളകൾ സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ ഓരോ കൈത്തറി സംഘത്തിനും അവർ പങ്കെടുക്കുന്ന ഓരോ പ്രദർശനത്തിനും 5000/-രൂപ വരെ ഗ്രാന്റിന് അർഹതയുണ്ട്. ഹാന്റക്സ്, ഹാൻവീവ്

എന്നിവയ്ക്ക് ഇത് 25,000 രൂപവരെ ലഭിക്കും. ഹാന്റക്സ്/ഹാൻവീവ് എന്നിവയ്ക്ക് ഡൽഹിയിലെ IITF-ൽ പങ്കെടുക്കാൻ ധനസഹായം നൽകിവരുന്നുണ്ട്. ഈ വർഷം മുംബൈ യിലെ Heimtextiles India, IITF, New Delhi, Texstyles India, New Delhi എന്നിവയിൽ കൈത്തറി & ടെക്സ്റ്റൈൽസ് വകുപ്പ് പങ്കെടുക്കുന്നുണ്ട്. വകുപ്പിന്റെ സ്റ്റാളിൽ കൈത്തറി സഹകരണസംഘങ്ങളുടെ ഉല്പന്നങ്ങളാണ് പ്രദർശിപ്പിക്കുന്നത്.

(ഇ) ഹാൻടെക്സ്, ഹാൻവീവ് എന്നിവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും നവീകരണത്തിനുമായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ; ഇവയുടെ സാമ്പത്തിക നില വ്യക്തമാക്കുമോ ?

(ഇ) ഹാൻടെക്സ്, ഹാൻവീവ് എന്നിവയുടെ പ്രവർത്തനം RIAB തലത്തിൽ നിശ്ചിത ഇടവേളകളിൽ റിവ്യൂ ചെയ്യുന്നുണ്ട്. ഹാൻടെക്സ്, ഹാൻവീവ് എന്നിവയെ നവീകരിക്കാനും ശക്തിപ്പെടുത്താനും എല്ലാ വർഷവും ബജറ്റിൽ പദ്ധതികൾ ഉൾപ്പെടുത്തുന്നുണ്ട്. ഈ വർഷത്തെ ബജറ്റിൽ ഇതിനായി 500 ലക്ഷം രൂപയും ഹാൻടെക്സ്, ഹാൻവീവ് എന്നിവയ്ക്ക് സർക്കാർ ഓഹരി പങ്കാളിത്തം നൽകാനായി യഥാക്രമം 600 ലക്ഷം രൂപയും 400 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ 50% ധനസഹായത്തോടെ ഹാന്റക്സിനേയും ഹാൻവീവിനേയും IHDS പദ്ധതി പ്രകാരം പുനരുദ്ധരിക്കാൻ കേന്ദ്രസർക്കാരിന് പദ്ധതി സമർപ്പിച്ചിട്ടുണ്ട്. ഈ വർഷത്തെ ബജറ്റിൽ ഈ ആവശ്യത്തിനായി ധനസഹായം നൽകാൻ ടോക്കൺ തുകയും ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഹാന്റക്സ്, ഹാൻവീവ് എന്നിവയുടെ സർക്കാർ വായ്പ ഷെയറാക്കി മാറ്റുന്ന കാര്യവും സർക്കാർ പരിശോധിച്ചുവരുകയാണ്. ഹാന്റക്സിന്റെ സഞ്ചിതനഷ്ടം 2007-08 ലെ ആഡിറ്റ് റിപ്പോർട്ട് പ്രകാരം 114.50 കോടി രൂപയാണ്. ഹാൻവീവിന്റെ 31/3/2010 - വരെയുള്ള (Provosional) സഞ്ചിത നഷ്ടം 40.53 കോടി രൂപയാണ്.

സെക്ഷൻ ഓഫീസർ

17

## അനുബന്ധം - 1

**താഴെച്ചേർക്കുന്ന സംസ്ഥാന/കേന്ദ്ര പദ്ധതികൾ സംസ്ഥാനത്തെ പരമ്പരാഗത കൈത്തറി വ്യവസായ സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ആവിഷ്ക്കരിച്ചിട്ടുള്ളവയാണ്.**

1) നെയ്ത്തുകാർക്ക് അസംസ്കൃത വസ്തുവായ നൂൽ, ചായങ്ങൾ എന്നിവ ന്യായ വിലയ്ക്ക് വിതരണം ചെയ്യുന്നു. നൂലിനും ചായങ്ങൾക്കും സബ്സിഡി നൽകുന്നു.

2) നെയ്ത്തുകാർക്ക് വിദഗ്ധ പരിശീലനം നൽകുന്നു.

3) ഹാന്റക്സ്, ഹാൻവീവ്, പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾ എന്നിവയ്ക്ക് ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിന് 20% നിരക്കിൽ സംസ്ഥാന റിബേറ്റു നൽകുന്നു

4) കൈത്തറി തുണികളുടെ വിൽപ്പനയ്ക്ക് 10% മാർക്കറ്റിംഗ് ഇൻസെന്റീവ് നൽകുന്നു.

5) ഹാന്റക്സ്, ഹാൻവീവ് എന്നിവയുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് സാമ്പത്തിക സഹായം നൽകുന്നു.

6) പരമ്പരാഗത ഉല്പന്നങ്ങളുടെ ഉത്പാദനവും വിപണനവും വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാനത്തെ സ്കൂൾ കുട്ടികൾക്ക് കൈത്തറി/ഖാദി വസ്ത്രങ്ങൾ വിതരണം ചെയ്യുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നു. ആഴ്ചയിൽ രണ്ടു ദിവസം സർക്കാർ ജീവനക്കാരും, പൊതുജനങ്ങളും കൈത്തറി/ഖാദി ധരിയ്ക്കണമെന്ന നിർദ്ദേശത്തിലൂടെ ഉപയോഗം വർദ്ധിച്ചുവരുന്നു. ഈ സാമ്പത്തിക വർഷം സ്കൂൾ യൂണിഫോം വിൽപ്പനയ്ക്ക് മേയ് 25 മുതൽ 7 ദിവസത്തേയ്ക്കും 24/6/10 മുതൽ 7 ദിവസത്തേയ്ക്ക് 20% റിബേറ്റ് സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിരുന്നു.

7) വിഷു, ഓണം, ക്രിസ്തുമസ് എന്നീ ഉത്സവകാലത്തോടനുബന്ധിച്ച് ജില്ലകൾ തോറും കൈത്തറി പ്രദർശനങ്ങൾ, വില്പന മേളകൾ എന്നിവ സംഘടിപ്പിക്കുന്നു.

8) കയറ്റുമതി ഉല്പന്ന വികസന വിപണന പദ്ധതി പ്രകാരം കയറ്റുമതി ഉല്പന്നങ്ങളുടെ വികസനത്തിനും വിപണനത്തിനും ഭാരത സർക്കാർ നിശ്ചയിയ്ക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി ഗ്രാന്റ് നൽകുന്നു.

9) ഹാന്റക്സിനും, ഹാൻവീവിനും ഓഹരിപങ്കാളിത്തം നൽകുന്നു. ഈ സാമ്പത്തിക വർഷം ഓഹരി പങ്കാളിത്തമായി 600 ലക്ഷം രൂപ ഹാന്റക്സിനും 400 ലക്ഷം രൂപ ഹാന്റ്വീവിനും ബജറ്റിൽ വക കൊള്ളിച്ചിട്ടുണ്ട്.

10) കൈത്തറി നെയ്ത്തുകാർക്ക് വേണ്ടി ഐ സി ഐ സി ഐ, കേന്ദ്ര ഗവണ്മെന്റുമായി ചേർന്ന് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നു.

11) എൽ ഐ സിയും കേന്ദ്രഗവണ്മെന്റുമായി ചേർന്ന് കൈത്തറി നെയ്ത്തുകാർക്കായി ഇൻഷ്വറൻസ് പദ്ധതിയും കുട്ടികൾക്ക് വിദ്യാഭ്യാസത്തിന് സ്റ്റൈഫന്റ് നൽകുന്ന പദ്ധതിയും നടപ്പിലാക്കുന്നു.

12) (എ) പ്രവർത്തന മൂലധനത്തിന്റെ കുറവു കൊണ്ട് പ്രവർത്തന രഹിതമായ തറികൾ പുന:രുദ്ധരിക്കാൻ കൈത്തറി സഹകരണ സംഘങ്ങൾക്ക് ധന സഹായം നൽകി വരുന്നു.

(ബി) ഉല്പന്ന വികസനത്തിനും വൈവിദ്ധ്യവൽക്കരണത്തിനും ധനസഹായം നൽകി വരുന്നു.
(സി) നെയ്ത്തുകാരുടെ പ്രോവിഡന്റ് ഫണ്ട്, ഇ എസ് ഐ വിഹിതം കുടിശ്ശിക തീർക്കാൻ ധന സഹായം നൽകുന്നു.

13) പരമ്പരാഗത കൈത്തറി വ്യവസായത്തിന്റെ വികസനത്തിനായി നെയ്ത്തുകാർക്ക് നെയ്ത്തു നൂൽ ന്യായ വിലയ്ക്ക് ലഭിയ്ക്കുന്നതിനായി ഹാന്റക്സ്, ഹാൻവീവ് എന്നിവ കൂടാതെ എറണാകുളം, കണ്ണൂർ, കോഴിക്കോട്, തിരുവനന്തപുരത്ത് കളമച്ചൽ, കൈരളി എന്നീ യാൺ ബാങ്കുകൾ ആരംഭിച്ചു.

14) പ്രാദേശിക ബ്രാന്റുകളെ തെരെഞ്ഞെടുത്ത് ബ്രാന്റ് വികസിപ്പിക്കുന്നതിനായി കണ്ണൂർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ്ലൂം & ടെക്സ്റ്റൈൽ ടെക്നോളജിയ്ക്ക് സാമ്പത്തിക സഹായം നൽകി ചുമതലപ്പെടുത്തിയിട്ടുണ്ട്. മേഖലാ ബ്രാന്റുകളുടെ വികസനത്തിനായി നടപടികൾ ആരംഭിച്ചിട്ടുണ്ട്.

15) ഭൗമ സൂചക ആക്ട് അനുസരിച്ച് നിലവിലുള്ള പ്രാദേശിക ഉൽപ്പന്നങ്ങളായ കാസർഗോഡ് സാരി, ബാലരാമപുരം സാരി, ചേന്ദമംഗലം മുണ്ട്, കൂത്താമ്പുള്ളി സാരി കണ്ണൂർ ഫർണിഷിംഗ് എന്നിവ രജിസ്റ്റർ ചെയ്യുന്നതിനു കേന്ദ്രസർക്കാർ സ്ഥാപനമായ മുംബൈ ടെക്സ്റ്റൈൽസ് കമ്മിറ്റിയെ ചുമതലപ്പെടുത്തി പ്രവർത്തനം നടന്നു വരുന്നു. അതിൽ ബാലരാമപുരം കൈത്തറിയ്ക്ക് ഭൗമസൂചിക ആക്ട് അനുസരിച്ച് രജിസ്ട്രേഷൻ ലഭിച്ചു.

16) നെയ്ത്തുകാർക്ക് വിദഗ്ധ പരിശീലനം നൽകുന്നതിന് ഐ എച്ച് ഡി എസ് പദ്ധതിയിലൂടെയും, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ്ലൂം ആന്റ് ടെക്സ്റ്റൈൽസ് ടെക്നോളജിയും, കൈത്തറി ഡയറക്ടറേറ്റും നടത്തുന്ന പദ്ധതിയിലും പരിശീലന പരിപാടി ആവിഷ്ക്കരിച്ചു നടത്തി വരുന്നു.

17) ഹാന്റക്സ്, ഹാൻവീവ് പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾ എന്നിവയ്ക്ക് റിബേറ്റ് ഇനത്തിൽ 2175.93 ലക്ഷം രൂപ 2008-09 സാമ്പത്തിക വർഷം വിതരണം നടത്തി പ്രവർത്തനം ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. കുടിശ്ശികയായിരുന്ന 10% സ്റ്റേറ്റ് റിബേറ്റ് ഇപ്പോൾ അപേക്ഷ ലഭിച്ചാലുടൻ,നൽകി വരുന്നു. റിബേറ്റ് ഇനത്തിൽ 484 ലക്ഷം രൂപ ഈ വർഷത്തെ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കേന്ദ്ര റിബേറ്റ് ഇനത്തിൽ ഈ വർഷം ലഭ്യമായ 2,51,56,051/- രൂപയും വിതരണം ചെയ്തു കഴിഞ്ഞു.

18) ഹാൻവീവിന്റേയും ഹാന്റക്സിന്റേയും പ്രാഥമിക സഹകരണ സംഘങ്ങളുടേയും പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുന്നതിനായി 500 ലക്ഷം രൂപ ധന സഹായം കഴിഞ്ഞ സാമ്പത്തിക വർഷവും ഈ വർഷം ഇതുവരെ 640.79 ലക്ഷവും നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.674 29.07.2010 ൽ മറുപടിയ്ക്ക്

## മാലിന്യ നിർമ്മാർജ്ജന പദ്ധതി പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.എം.യൂസഫ്<br>ശ്രീ.എം.ചന്ദ്രൻ<br>ശ്രീ.കെ.ടി.ജലീൽ<br>ശ്രീ.മഞ്ഞളാംകുഴി അലി | ശ്രീമതി. പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യ ക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) പൊതുമാലിന്യ നിർമ്മാർജ്ജന പദ്ധതികൾ പ്രോത്സാഹിപ്പിക്കുന്നതിന് മലിനീകരണ നിയന്ത്രണ ബോർഡ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) പൊതു മാലിന്യ സംസ്ക്കരണത്തിനും നിർമ്മാർജ്ജനത്തിനുമായി നിലവിലുള്ള സംവിധാനങ്ങൾ താഴെ പറയുന്നവയാണ്.<br><br>(1) ഇമേജ് പാലക്കാട്:- ഐ.എം.എ-യുടെ (ഇൻഡ്യൻ മെഡിക്കൽ അസോസിയേഷൻ) ആഭിമുഖ്യത്തിൽ പാലക്കാട് പുതുശ്ശേരി പഞ്ചായത്തിലെ മാന്തുരുത്തിയിൽ ബയോമെഡിക്കൽ വേസ്റ്റ് സംസ്ക്കരണത്തിനും നിർമ്മാർജ്ജനത്തിനുമായി പ്രവർത്തിക്കുന്ന IMAGE (Indian Medical Association goes ecofriendly) എന്ന പൊതു സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>(2) അമ്പലമേടുള്ള ഹസാർഡസ് വേസ്റ്റ് ലാന്റ് ഫിൽ സംവിധാനം വഴി അപകടകരമായ പാഴ് വസ്തുക്കളുടെ |

പൊതു സംഭരണ സംസ്കരണ നിർമ്മാർജ്ജനം എറണാകുളം ജില്ലയിലെ അമ്പലമേട്ടിൽ പ്രവർത്തിച്ചു വരുന്നു.

(3)ACCEPT എന്ന പേരിൽ ആലപ്പുഴയിലെ അരൂർ ചന്തിരൂർ മേഖലയിൽ ചെമ്മീൻ പീലിംഗ് ഷെഡുകൾക്കും മത്സ്യ സംസ്കരണ യൂണിറ്റുകൾക്കുമായി ഒരു പൊതു മലിനജല സംസ്കരണ പ്ലാന്റ് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

(4) ഏലൂർ മേഖലയിലുള്ള വിവിധ ചെറുകിട വ്യവസായങ്ങളുടെ പാഴ്ജല ശുദ്ധീകരണത്തിനായി ഒരു പൊതു പാഴ്ജല ശുദ്ധീകരണ പ്ലാന്റ് സ്ഥാപിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

(5) ഹൗസ് ബോട്ടുകൾക്കായി ഒരു പൊതു സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് കുമരകത്ത് പ്രവർത്തിച്ചു വരുന്നു.

(6) കോട്ടയം മെഡിക്കൽ കോളേജ് പരിസരത്ത് വാണിജ്യ സ്ഥാപനങ്ങളിൽ നിന്നുള്ള പാഴ്ജല സംസ്കരണത്തിനായി കുമാരനല്ലൂരിൽ പൊതു മലിനജല സംസ്കരണ പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്.

(7) ഗുരുവായൂർ ടൗൺഷിപ്പിൽ നിന്നുള്ള ഗാർഹിക-വാണിജ്യ മാലിന്യങ്ങൾ

സംസ്കരിക്കുന്നതിനായി വാട്ടർ അതോറിറ്റിക്ക് സ്ഥാപനാനുമതി നൽകിയിട്ടുള്ള മലിനജല സംസ്കരണ പ്ലാന്റിന്റെ നിർമ്മാണം പൂർത്തിയായി വരുന്നു.

(8)ഇൻഡസ്ട്രിയൽ പാർക്കുകളിലും സ്പെഷ്യൽ ഇക്കണോമിക് സോണുകളിലും മറ്റും അവിടെയുള്ള വ്യവസായങ്ങൾക്കായി പൊതു സംസ്കരണ പ്ലാന്റുകൾ പ്രവർത്തിച്ചു വരുന്നു.

(9) ഇലക്ട്രോണിക് മാലിന്യ സംസ്കരണത്തിനായി ഒരു ഇ-വേസ്റ്റ് സംസ്കരണ നിർമ്മാർജ്ജന സംവിധാനം ഏർപ്പെടുത്താൻ ബോർഡ് ആലോചിച്ചു വരുന്നു. ബയോ മെഡിക്കൽ മാലിന്യ സംസ്കരണത്തിന് പാലക്കാടുള്ള പൊതു ബയോ മെഡിക്കൽ മാലിന്യ സംവിധാനത്തിനു പുറമേ മധ്യ മേഖലയിൽ ഒരു പൊതു സംവിധാനം കൂടി ഏർപ്പെടുത്തുന്ന കാര്യവും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ആലോചിക്കുന്നുണ്ട്.

(10) കേരളത്തിലെ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഖര മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്

| | | | |
|---|---|---|---|
| | | | നടപടികളെടുത്തു വരുന്നു.<br><br><u>(11)</u> തിരുവനന്തപുരം, കോഴിക്കോട് എന്നീ കോർപ്പറേഷനുകളിൽ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾക്ക് ബോർഡ് സ്ഥാപനാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | മാലിന്യ സ്രോതസ്സുകൾ കണ്ടെത്തി നിയമ നടപടി സ്വീകരിക്കുന്നതിന് ബോർഡ് നടപടി സ്വീകരിക്കാറുണ്ടോ; കഴിഞ്ഞ രണ്ടു വർഷ കാലയളവിൽ എത്ര സ്ഥാപനങ്ങൾക്കും വ്യക്തികൾക്കുമെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; | (ബി) | ശാസ്താംകോട്ട ശുദ്ധജല തടാകത്തിൽ 07.11.2007 രാത്രി ടാങ്കർ ലോറിയിൽ സെപ്റ്റിക് ടാങ്ക് മാലിന്യം കൊണ്ടൊഴുക്കിയതറിഞ്ഞതിനെത്തുടർന്ന് ബോർഡ് പോലീസ് അധികൃതരെ അറിയിക്കുകയും കുറ്റക്കാർക്കെതിരെ ജല മലിനീകരണ (നിവാരണ നിയന്ത്രണ) നിയമപ്രകാരം ബോർഡ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | പെരിയാറിനെ മാലിന്യ വിമുക്തമാക്കുന്നതിനായി ആവിഷ്കരിച്ച ' പെരിയാർ റിവർ ആക്ഷൻ പ്ലാൻ ' നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (സി) | പെരിയാർ നദി ഒഴുകി വരുന്ന ഇടനാടും ഉൾനാടും ഉൾപ്പെട്ട ഗ്രാമപ്രദേശങ്ങളിൽ <u>നിന്നുമുള്ള</u> മലിനീകരണം കണ്ടെത്താനും നിയന്ത്രണ നടപടികൾ കൈക്കൊള്ളാനുമായി സർക്കാർ നിർദ്ദേശപ്രകാരം ഒരു പഠനം <u>തിരുവനന്തപുരത്തുള്ള</u> സെന്റർ ഫോർ എൻവയോൺമെന്റ് ആന്റ് ഡവലപ്മെന്റ് (CED) എന്ന സ്ഥാപനം വഴി സംസ്ഥാന പരിസ്ഥിതി മാനേജ്മെന്റ് ഏജൻസി 2009-10 വർഷം നടത്തുകയുണ്ടായി. സർക്കാർ/നബാർഡ് (RIDF) സഹായത്തോടെ പ്രസ്തുത പഠന |

നിർദ്ദേശങ്ങൾക്ക് നടപ്പു വർഷം തുടക്കമിടാൻ ഉദ്ദേശിക്കുന്നു. നദി പരിപാലനത്തിനായി നടപ്പു വർഷത്തെ ബഡ്ജറ്റിൽ 150 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ഡി) നദിജല ഗുണനിലവാര പരിശോധനയ്ക്കായി <u>നിലവിലുള്ള</u> സംവിധാനം ശക്തിപ്പെടുത്തുമോ ?

(ഡി) സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ സഹായത്തോടു കൂടി നടപ്പാക്കുന്ന നാഷണൽ ആമ്പിയന്റ് വാട്ടർ ക്വാളിറ്റി മോണിറ്ററിംഗ് പദ്ധതി പ്രകാരം സംസ്ഥാനത്തെ 43 നദികളിൽ 64 സ്ഥലങ്ങളിൽ നിന്നും ജല സാമ്പിൾ ശേഖരിച്ച് ക്രമമായി ഗുണനിലവാരം പരിശോധിച്ചു വരുന്നു. ഇതു കൂടാതെ സംസ്ഥാന സർക്കാരിന്റെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി ബോർഡ് സ്റ്റേറ്റ് ആമ്പിയന്റ് വാട്ടർ ക്വാളിറ്റി മോണിറ്ററിംഗിന്റെ ഭാഗമായി 21 നദികളിലായി 119 മോണിറ്ററിംഗ് സ്റ്റേഷനുകൾ ഉൾപ്പെടുത്തി ജല ഗുണനിലവാരം നിരീക്ഷിച്ചു വരുന്നു. കേന്ദ്ര സഹായത്തോടു കൂടി നടത്തുന്ന മോണിറ്ററിംഗ് പദ്ധതിയിൽ കൂടുതൽ മോണിറ്ററിംഗ് സ്റ്റേഷനുകൾ ഉൾപ്പെടുത്താനുള്ള നടപടികൾ ആലോചിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 675 29.07.10ൽ മറുപടിക്ക്

## കോസ്റ്റൽ ഷിപ്പിംഗ് നെറ്റ് വർക്ക് സ്ഥാപിക്കുന്നതിന് നടപടി

ചോദ്യം

ശ്രീ. എ.പി.അബ്ദുള്ളക്കുട്ടി
ശ്രീ.എം.മുരളി
ശ്രീ.ജോർജ് മേഴ്സിയർ
ശ്രീ.ഡൊമിനിക് പ്രസന്റേഷൻ

മറുപടി

ശ്രീ. എം. വിജയകുമാർ
(നിയമവും പാർലമെൻററികാര്യവും
സ്പോർട്ട്സും യുവജനക്ഷേമവും
തുറമുഖവും വകുപ്പു മന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ | കേരളത്തിലെ തുറമുഖങ്ങളെ മഹാരാഷ്ട്ര, ഗുജറാത്ത് എന്നിവിടങ്ങളിലെ തുറമുഖങ്ങളുമായി ബന്ധിപ്പിക്കുന്നതിനായി ഒരു കോസ്റ്റൽ ഷിപ്പിംഗ് നെറ്റ്വർക്ക് സ്ഥാപിക്കുന്നതിനായി സംയുക്ത സംരംഭത്തിലൂടെ ഒരു കമ്പനി രൂപീകരിക്കണമെന്ന നിർദ്ദേശം നടപ്പിലാക്കിയിട്ടുണ്ടോ ; | എ | കോസ്റ്റൽ ഷിപ്പിംഗ് നെറ്റ് വർക്ക് നടപ്പാക്കാൻ സർക്കാർ നടപടി സ്വീകരിച്ചു വരുന്നു. എന്നാൽ ഇതിനായി കമ്പനി രൂപീകരിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| ബി | സംസ്ഥാന സർക്കാരിന് പുറമെ മറ്റ് ഏതൊക്കെ സംരംഭകരും, ഏജൻസികളുമാണ് ഈ കമ്പനികളുടെ രൂപീകരണവുമായി സഹകരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ; | ബി | ബാധകമല്ല. |
| സി | പ്രസ്തുത കമ്പനികൾ നിലവിൽ വന്നിട്ടുണ്ടോ; എങ്കിൽ, ഈ കമ്പനിയിൽ എത്ര ശതമാനം ഓഹരി പങ്കാളിത്ത മാണ് സർക്കാരിനുള്ളത് ; | സി | ബാധകമല്ല. |
| ഡി | പ്രസ്തുത പ്രോജക്ടിനുവേണ്ടി ബാക്കി മൂലധന സമാഹരണം എങ്ങനെ നടത്താനാണ് ഉദ്ദേശിക്കുന്നത്; | ഡി | ബാധകമല്ല. |
| ഇ | തുറമുഖങ്ങളുടെ കോസ്റ്റൽ ഷിപ്പിംഗ് നെറ്റ്വർക്കിനായി ഈ കമ്പനി എന്തൊക്കെ പ്രവർത്തനങ്ങൾ നടത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | ഇ | ബാധകമല്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * **676:** **29/07/2010**-ൽ മറുപടിക്ക്

വ്യവസായ സംരംഭകർക്ക് നിക്ഷേപ സബ്സിഡി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഹംസ<br>ശ്രീ. ബി. ഡി. ദേവസ്സി<br>ശ്രീ. പി. കൃഷ്ണപ്രസാദ്<br>ശ്രീ. എ. സി. മൊയ്തീൻ | ശ്രീ. എളമരം കരീം<br>(വ്യവസായ വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | വ്യവസായ സംരംഭകർക്ക് നിക്ഷേപ സബ്സിഡി നൽകുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | മൂലധന നിക്ഷേപ സബ്സിഡിയുടെ വിശദാംശങ്ങൾ താഴെപ്പറയുന്നു :<br><br>1. ചെറുകിട വ്യവസായ സംരംഭങ്ങൾക്ക് മുതൽ മുടക്കിന്റെ 10 %, പരമാവധി 5 ലക്ഷം രൂപ വരെ മൂലധന നിക്ഷേപ സബ്സിഡിയായി അനുവദിക്കുന്നുണ്ട്.<br>2. ചെറുകിട ഊന്നൽ വ്യവസായങ്ങൾക്ക് മുതൽ മുടക്കിന്റെ 15 % പരമാവധി 15 ലക്ഷം രൂപ വരെ സബ്സിഡിയായി അനുവദിക്കുന്നുണ്ട്.<br>3. കൂടാതെ വിവരസാങ്കേതിക മേഖലയിൽ പ്രവർത്തിക്കുന്ന ചെറുകിട വ്യവസായങ്ങൾക്ക് |

| | | | |
|---|---|---|---|
| | | | മുതൽ മുടക്കിന്റെ 20 % പരമാവധി 25 ലക്ഷം രൂപ അനുവദിക്കുന്നുണ്ട്.<br>4. ഇടുക്കി, വയനാട് ജില്ലകളിലും തിരഞ്ഞെടുക്കപ്പെട്ട വ്യവസായ വികസന കേന്ദ്രങ്ങളിലും, വ്യവസായ പാർക്കുകളിലും പ്രവർത്തിക്കുന്ന വ്യവസായങ്ങളുടെ മുതൽ മുടക്കിന്റെ 10 % പരമാവധി 10 ലക്ഷം രൂപ വരെയും, കൂടാതെ ഇടുക്കി, വയനാട് ജില്ലകളിൽ സ്ഥാപിക്കുന്ന ഊന്നൽ വ്യവസായങ്ങൾക്ക് മുതൽ മുടക്കിന്റെ 25 %, പരമാവധി 25 ലക്ഷം രൂപ സബ്സിഡിയായി അനുവദിക്കുന്നുണ്ട്.<br>5. പട്ടികജാതി/പട്ടിക വർഗ്ഗക്കാർ, വനിതകൾ, വികലാംഗർ, വിമുക്തഭടന്മാർ എന്നിവർ തുടങ്ങുന്ന ചെറുകിട വ്യവസായ സംരംഭങ്ങൾക്ക് മുതൽ മുടക്കിന്റെ 5 %, പരമാവധി 1 ലക്ഷം രൂപ അധിക സബ്സിഡിയായി നൽകുന്നുണ്ട്.<br>6. പുനരുപയോഗിക്കപ്പെടുന്ന ഊർജ്ജ സ്രോതസ്സുകൾ സ്ഥാപിച്ച് പ്രവർത്തിക്കുന്ന |

| | | | |
|---|---|---|---|
| | | | വ്യവസായ സംരംഭങ്ങൾക്ക് മുതൽമുടക്കിന്റെ 15 %, പരമാവധി 5 ലക്ഷം രൂപ വരെ അധിക സബ്സിഡിയായി അനുവദിക്കുന്നുണ്ട്. ഡീസൽ ജനറേറ്റുകളിൽ മലിനീകരണ നിയന്ത്രണ സംവിധാനം ഏർപ്പെടുത്തുന്നതിനായി മുതൽ മുടക്കിന്റെ 10 % പരമാവധി 25000/- രൂപ വരെ അധിക സബ്സിഡിയായി നല്കുന്നുണ്ട്. സബ്സിഡി നല്കുന്നതിനായി മുതൽ മുടക്ക് കണക്കാക്കുമ്പോൾ സ്ഥാപനം സ്ഥിതി ചെയ്യുന്ന സ്ഥലം, കെട്ടിടം, യന്ത്ര സാമഗ്രികൾ, വൈദ്യുതീകരണ ചിലവ്, ടെസ്റ്റിംഗ് ഉപകരണം, മലിനീകരണ നിയന്ത്രണ സംവിധാനം എന്നിവ പരിഗണിക്കുന്നതാണ്. |
| (ബി) | ദുർബ്ബല വിഭാഗങ്ങൾക്ക് ചെറുകിട സംരംഭങ്ങൾക്കായി എത്ര ശതമാനം സബ്സിഡിയാണ് അനുവദിക്കുന്നത്; | (ബി) | പട്ടികജാതി/പട്ടികവർഗ്ഗക്കാർ, വനിതകൾ, വികലാംഗർ, വിമുക്തഭടന്മാർ മുതലായ ദുർബ്ബല വിഭാഗങ്ങൾക്കായി മുതൽ മുടക്കിന്റെ 10 ശതമാനത്തിന് പുറമെ പരമാവധി 1• ലക്ഷം രൂപ അധിക സബ്സിഡിയായി അനുവദിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | വ്യവസായങ്ങൾക്കായി എടുക്കുന്ന ബാങ്ക് വായ്പയ്ക്ക് സർക്കാർ സബ്സിഡി അനുവദിക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (സി) | വ്യവസായങ്ങൾക്കായി എടുക്കുന്ന ബാങ്ക് വായ്പയ്ക്ക് സർക്കാർ സബ്സിഡി അനുവദിക്കുന്നില്ല. മൂലധന നിക്ഷേപത്തിനാണ് സബ്സിഡി നല്കുന്നത്. |
| (ഡി) | മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് പ്രത്യേക സഹായം നൽകുമോ ; | (ഡി) | 23/09/1991 നു ശേഷം സ്ഥാപിച്ചിട്ടുള്ള മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾക്ക് നിബന്ധനകൾക്ക് വിധേയമായി മുതൽ മുടക്കിന്റെ 15 % പരമാവധി 5 ലക്ഷം രൂപ സബ്സിഡി അനുവദിക്കുന്നുണ്ട്. |
| (ഇ) | നിക്ഷേപ സബ്സിഡിക്കായി കഴിഞ്ഞ വർഷം എത്ര ലക്ഷം രൂപ അനുവദിച്ചുവെന്ന് വെളിപ്പെടുത്തുമോ? | (ഇ) | നിക്ഷേപ സബ്സിഡിയ്ക്കായി കഴിഞ്ഞ സാമ്പത്തിക വർഷം (2009-10) 8,89,56,000/- രൂപ അനുവദിച്ചു. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : * 677

29.07.2010-ൽ മറുപടിക്ക്.

## കൊച്ചിയിൽ ട്രേഡ് സെന്റർ

### ചോദ്യം

ശ്രീ. എം.എം. മോനായി :
ശ്രീ. സി.എം. ദിനേശ് മണി :
ശ്രീ. പി. വിശ്വൻ :
ശ്രീ. എം.കെ. പുരുഷോത്തമൻ :

(എ) സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനും ഫാക്ടും ചേർന്ന് കൊച്ചിയിൽ ആരംഭിക്കുന്ന ട്രേഡ് സെന്ററിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ;

(ബി) ട്രേഡ് സെന്റർ പദ്ധതിയുടെ വിശദാംശം നൽകുമോ ; ഇവിടെ ഏതെല്ലാം പ്രോജക്റ്റുകളാണ് വിഭാവനം ചെയ്തിരിക്കുന്നത് ;

(സി) പദ്ധതിയ്ക്ക് മൊത്തം എത്ര കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത് ;

(ഡി) പദ്ധതി പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

### ഉത്തരം

ശ്രീ. എളമരം കരീം
(വ്യവസായ വകുപ്പ് മന്ത്രി)

(എ) സാധ്യതാ പഠന റിപ്പോർട്ട് പൂർത്തീകരിച്ച് ഡെവലപ്പറെ സെലക്ട് ചെയ്തശേഷം നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്..

(ബി) കൊച്ചിയിൽ ലോകനിലവാരത്തിലുള്ള ഒരു ട്രേഡ് & കൺവെൻഷൻ സെന്റർ സ്ഥാപിക്കുന്നതിന് കെ.എസ്.ഐ.ഡി.സി -യും ഫാക്ടും ചേർന്ന് ധാരണാ പത്രത്തിൽ ഒപ്പിട്ടിട്ടുണ്ട്. പദ്ധതിയുടെ വിശദമായ സാധ്യതാ റിപ്പോർട്ട് തയ്യാറാക്കുന്ന നടപടികൾ കെ.എസ്.ഐ.ഡി.സി സ്വീകരിച്ചു വരുന്നു. ടി. പദ്ധതിയിൽ എക്സിബിഷൻ ഹാളുകൾ, കൺവെൻഷൻ കോംപ്ലക്സ്, ഹോട്ടൽ, കൊമേഴ്സിയൽ ഏരിയ, മിനി ഹാളുകൾ, അനുബന്ധ സൗകര്യങ്ങൾ എന്നിവ ഉണ്ടായിരിക്കുന്നതാണ്.

(സി) പദ്ധതിയുടെ സാധ്യതാ റിപ്പോർട്ട് പൂർത്തീകരിച്ചാൽ മാത്രമേ പദ്ധതി--ച്ചെലവ് സംബന്ധിച്ച് വ്യക്തത കൈവരികയുള്ളൂ.

(ഡി) നടപടി സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 678

29.07.2010.ൽ മറുപടിയ്ക്ക്

## അടിയന്തിരമായി പുനരുദ്ധരിക്കേണ്ട ജലസ്രോതസ്സുകൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീമതി. ഇ.എസ്.ബിജി മോൾ<br>ശ്രീ. എൻ. രാജൻ.<br>ശ്രീ. പി .തിലോത്തമൻ<br>ശ്രീ. മാങ്കോട് രാധാകൃഷ്ണൻ. | | ശ്രീ.എൻ.കെ. പ്രേമചന്ദ്രൻ<br>(ബഹു.ജല വിഭവ വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് അടിയന്തിരമായി പുനരുദ്ധരിക്കേണ്ട ജല സ്രോതസ്സുകളുണ്ടോ; ഉണ്ടെങ്കിൽ ഓരോ ജില്ലയിലും എത്ര വീതമെന്ന് വ്യക്തമാക്കുമോ;<br><br>ബി) ഇവയുടെ പുനരുദ്ധാരണത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ ; | എ) & ബി | കേരളത്തിലെ നാല്പത്തിനാല് നദീതടങ്ങളിലായി 4452 സൂഷ്മനീർതടങ്ങൾ ഉള്ളതായി കണക്കാക്കിയിട്ടുണ്ട്. നീർതടങ്ങളുടെ സംരക്ഷണത്തിനായി ത്രിതല പഞ്ചായത്തുകളുടെ ആഭിമുഖ്യത്തിൽ വിവിധ പദ്ധതികൾ നടത്തി വരുന്നു. ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ കീഴിലും നീർത്തട സംരക്ഷണ പരിപാടികൾ നടന്നു വരുന്നു. നദീതടങ്ങളിലുള്ള കുളങ്ങളുടെ കൃത്യമായ വിവരം ശേഖരിക്കുന്നതിനും, ഇവയുടെ പുനരുദ്ധാരണത്തിനുമായി പ്രത്യേക പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. ഇതിനായി ഇക്കൊല്ലത്തെ സംസ്ഥാന ബഡ്ജറ്റിൽ 28.22 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതനുസരിച്ച് നദീതട അടിസ്ഥാനത്തിൽ ജലസേചന സൗകര്യം കൂടി ഏർപ്പെടുത്താവുന്ന കുളങ്ങളുടെ സംരക്ഷണത്തിനും നവീകരണത്തിനുമായി പദ്ധതി രൂപരേഖ തയ്യാറാക്കി വരുന്നു.<br>ഇതു കൂടാതെ കേന്ദ്രസർക്കാരിന്റെ 13-ാം ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം ഏറ്റെടുക്കേണ്ട ജോലികളിൽ കുളങ്ങളുടെയും ജലസ്രോതസ്സുകളുടേയും പുനരുദ്ധാരണത്തിന് 50.00 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ രണ്ട് പദ്ധതികളിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ പരമ്പരാഗത ജലസ്രോതസ്സുകളുടേയും കുളങ്ങളുടേയും പുനരുദ്ധാരണം പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്.<br><br>പാലക്കാട് ജില്ലയിലെ 240 കുളങ്ങളും പത്തനംതിട്ട ജില്ലയിലെ 105 കുളങ്ങളും കൊല്ലം ജില്ലയിലെ 190 കുളങ്ങളും |

പുനരുദ്ധരിക്കേണ്ടതാണ്.

പുനരുദ്ധാരണം ആവശ്യമാണെന്നു കണ്ടെത്തിയ കുളങ്ങളുടെ പ്രാഥമിക പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. പാലക്കാട് ജില്ലയിലെ പുനരുദ്ധാരണത്തിനുള്ള കുളങ്ങളുടെ പ്രാഥമിക പ്രോജക്ട് റിപ്പോർട്ട് കേന്ദ്ര ഗവൺമെന്റിൽ സമർപ്പിച്ചിട്ടുണ്ട്.
ഇതു കൂടാതെ കൊല്ലം ജില്ലയിൽ കേരള ജല അതോറിറ്റിയുടെ ശുദ്ധജല വിതരണ പദ്ധതികളുടെ സ്രോതസ്സായി ഉപയോഗിക്കുന്ന ശാസ്താംകോട്ട തടാകം കേരള വാട്ടർ അതോറിറ്റിയുടെ അധീനതയിലാണ്.

ജില്ലാ കളക്ടറുടെ നിർദ്ദേശ പ്രകാരം തടാകത്തിന്റെ ചുറ്റുപാടിൽ നിന്നു അനധികൃത കയ്യേറ്റം തടയുന്നതിന് അതിർത്തി കല്ലുകൾ വാട്ടർ അതോറിറ്റി സ്ഥാപിച്ചിട്ടുണ്ട്. മലനീകരണം തടയുന്നതിനും തടാകത്തിന്റെ സംരക്ഷണത്തിനു വേണ്ടിയും കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. കൊല്ലം ജില്ലയിലെ ശാസ്താംകോട്ട തടാകത്തിനെ 'വാട്ടർ സാംക്ചറി' ആക്കാനുള്ള ഒരു പ്രോജക്ട് കേന്ദ്ര സർക്കാർ ഫണ്ടുപയോഗിച്ച് വാട്ടർ അതോറിറ്റി നടപ്പിലാക്കാനുള്ള നടപടികളെടുത്തു വരുന്നു. കായലിൽ വരുന്ന മലിന ജലവും ഖര മാലിന്യങ്ങളും തടയുന്നതിനു വേണ്ടി സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റും സോളിഡ് വേസ്റ്റ് മാനേജുമെന്റിനും വേണ്ടിയുള്ള പ്രോപ്പോസൽ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

| | | | |
|---|---|---|---|
| സി) | സംസ്ഥാനത്തെ ജല സ്രോതസ്സുകൾ പ്രകൃതിദത്തമായി തന്നെ നിലനിറുത്താനുള്ള നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | സി) | സംസ്ഥാനത്തെ ജലസ്രോതസ്സുകൾ പുനരുദ്ധരിച്ച് പ്രകൃതിദത്തമായ രീതിയിൽ തന്നെ നിലനിറുത്തുവാനാണ് ഉദ്ദേശിക്കുന്നത് |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 679

29.07.2010 ൽ മറുപടിക്ക്

### പ്രവർത്തനം നിലച്ചുകിടക്കുന്ന പൊതുമേഖലാസ്ഥാപനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി. വിശ്വൻ :<br>ശ്രീ. എ. എം. ആരിഫ് :<br>ശ്രീ.സി. കെ. സദാശിവൻ:<br>ശ്രീ. എ. പ്രദീപ് കുമാർ: | ശ്രീ. എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| (എ) പ്രവർത്തനം നിലച്ചുകിടക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപ്പാദന സൗകര്യങ്ങൾ വ്യാവസായിക വികസനത്തിനായി ഉപയോഗിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | (എ) പ്രവർത്തനം നിലച്ചുകിടക്കുന്ന പൊതു മേഖലാ സ്ഥാപനങ്ങളുടെ ഉൽപ്പാദന സൗകര്യങ്ങൾ വ്യാവസായിക വികസനത്തിനായി ഉപയോഗിക്കുന്നതിനായി സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) കേരള സോപ്പ്സ് & ഓയിൽ ലിമിറ്റഡിന്റെ സൗകര്യം ഉപയോഗിച്ച് കെ.എസ്.ഐ.ഇ.യുടെ അധീനതയിൽ സോപ്പ് നിർമ്മാണ യൂണിറ്റ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ; | (ബി) ഉണ്ട്. |
| (സി) കേരള സ്റ്റേറ്റ് ഡിറ്റർജന്റ് & കെമിക്കൽസ് ലിമിറ്റഡിന്റെ ഉൽപ്പാദന സൗകര്യങ്ങൾ പ്രയോജനപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ; | (സി) കേരള സ്റ്റേറ്റ് ഡിറ്റർജന്റ് & കെമിക്കൽസ് ലിമിറ്റഡിന്റെ ഉൽപ്പാദന സൗകര്യങ്ങൾ വ്യാവസായിക വികസനത്തിനായി ഉപയോഗിക്കുന്നതിനായി കിൻഫ്ര യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) കേരള സംസ്ഥാന സാലിസിലേറ്റ്സ് & കെമിക്കൽസിന്റെ 25 ഏക്കർ ഭൂമി പ്രയോജനപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഡി) കേരള സംസ്ഥാന സാലിസിലേറ്റ്സ് ആന്റ് കെമിക്കൽസിന്റെ 25 ഏക്കർ ഭൂമിയിൽ കേരള സിഡ്കോ കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഐ.റ്റി.ഐ ലിമിറ്റഡുമായി ചേർന്ന് ടെലികോം സിറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

## പ്രവർത്തനം നിലച്ചുകിടക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപ്പാദന സൗകര്യങ്ങൾ വ്യാവസായിക വികസനത്തിനായി ഉപയോഗിക്കുന്നതിനായി സ്വീകരിച്ച നടപടികൾ

- KSTC യുടെ അധീനതയിലുള്ള Malabar Spinning & Weaving Mills. ഉന്നത സാങ്കേതിക നിലവാരമുള്ള യന്ത്രങ്ങൾ സ്ഥാപിച്ച് നവീകരിച്ച മില്ലിൽ നവംബർ 2009 ൽ ഉൽപ്പാദനം പുനരാരംഭിച്ചു. മൂന്നാംഘട്ട നവീകരണപ്രവർത്തനങ്ങൾ നടന്നു കൊണ്ടിരിക്കുകയാണ്.

- Trivandrum Spinning Mills Ltd ലെ സൗകര്യങ്ങൾ ഉപയോഗിച്ച് open end spinning Mill KSTC- യുടെ ചുമതലയിൽ 629 ലക്ഷം രൂപ മുതൽമുടക്കിൽ ആരംഭിച്ചു. ഇവിടെ സെപ്റ്റംബർ 2009 മുതൽ വാണിജ്യാടിസ്ഥാനത്തിൽ ഉൽപ്പാദന പ്രവർത്തനങ്ങൾ ആരംഭിക്കുകയും ആദ്യത്തെ വർഷം തന്നെ ലാഭമുണ്ടാക്കുകയും ചെയ്തു. ഡിസംബർ 2010 ത്തോടുകൂടി ഉൽപ്പാദനം ഇരട്ടിപ്പിക്കുന്നതിനുള്ള നവീകരണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്.

- Kerala Soaps & Oils Ltd യിലെ സൗകര്യങ്ങൾ ഉപയോഗിച്ച് Kerala Soaps എന്ന പേരിൽ ഒരു സോപ്പ് നിർമ്മാണ യൂണിറ്റ് KSIE യുടെ അധീനതയിൽ കോഴിക്കോട് വെള്ളയിൽ എന്ന സ്ഥലത്ത് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. കേരള സോപ്സ് & ഓയിൽസ് ലിമിറ്റഡിന്റെ വെസ്റ്റ്ഹില്ലിൽ ഉള്ള ഭൂമി ടൂറിസം വകുപ്പിന് ഹോസ്പിറ്റാലിറ്റി ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്നതിനായി നൽകിയിട്ടുണ്ട്. കേരള സോപ്സ് & ഓയിൽസ് ലിമിറ്റഡിന്റെ ഗാന്ധിറോഡിലുള്ള ഭൂമി കിൻഫ്രയ്ക്ക് ഒരു കൺവെൻഷൻ സെന്റർ സ്ഥാപിക്കുന്നതിനായി കൈമാറാൻ ഉത്തരവായിട്ടുണ്ട്.

- Kerala State Detergents & Chemicals Ltd ന്റെ ഉൽപ്പാദന സൗകര്യങ്ങൾ വ്യാവസായിക വികസനത്തിനായി ഉപയോഗിക്കുന്നതിനായി KINFRA യെ ചുമതലപ്പെടുത്തി..

- കേരള സംസ്ഥാന സാലിസിലേറ്റ്സ് ആന്റ് കെമിക്കൽസിന്റെ 25 ഏക്കർ ഭൂമിയിൽ Kerala SIDCO കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ITI Ltd യുമായി ചേർന്ന് ടെലികോം സിറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത ഭൂമി ഇതിലേക്കായി സിഡ്കോയ്ക്കു കൈമാറിയിട്ടുണ്ട്.

- Metropolitan Engineering Company Ltd-ന്റെ 1.26 ഏക്കർ ഭൂമി Kerala State Industrial Enterprises Ltd ന് കൈമാറാനും അവിടെ ഒരു Hyper Super Market cum Office Complex സ്ഥാപിക്കാനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

- Keltron Counters Ltdന്റെ സ്ഥലവും സൗകര്യങ്ങളും Gulati Institute of Finance & Taxation (GIFT) എന്ന സ്ഥാപനം ആരംഭിക്കുന്നതിനായി നികുതി വകുപ്പിന് കൈമാറിയിട്ടുണ്ട്.

- പ്രവർത്തനം നിലച്ചിരുന്ന Keltron Power Devices Ltd ഉം Keltron Rectifiers Ltd ഉം അവയുടെ എല്ലാ ആസ്തികളും ബാദ്ധ്യതകളും ഉൾപ്പെടെ വികസന പ്രവർത്തനങ്ങൾക്കായി ഹോൾഡിംഗ് കമ്പനിയായ KSEDC ഏറ്റെടുക്കുന്നതിന് G.O.(Ms) No.165/08/ID dated 22/10/2008 പ്രകാരം സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്.

- വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാസ്ഥാപനമായ Travancore Plywood Industries Ltd ന്റെ ആസ്തികളും, മറ്റ് ഉൽപ്പാദന സൗകര്യങ്ങളും സംസ്ഥാനത്തിന്റെ വ്യാവസായിക വികസനത്തിനായി ഉപയോഗിക്കുന്നതിനായി KINFRA യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഇവിടെ ആരംഭിക്കുവാൻ പോകുന്ന വ്യാവസായിക പാർക്കിന്റെ ശിലാസ്ഥാപന കർമ്മം 2010 ആഗസ്റ്റ് 5 തീയതി നടത്തുന്നതിനു തീരുമാന മായിട്ടുണ്ട്.

- കാസർഗോട് ജില്ലയിലെ വ്യവസായവകുപ്പിന്റെ അധീനതയിലുള്ള Astral Watches Ltd-ലെ എല്ലാ ജീവനക്കാരും SSNP പ്രകാരം പിരിഞ്ഞുപോകുകയും കമ്പനിയുടെ ചുമതല 100% ഷെയർ ഹോൾഡറായ KSIDCയെ ഏൽപ്പിച്ചിരിക്കുകയുമാണ്. ഈ സ്ഥാപനത്തിലെ സൗകര്യങ്ങൾ സംസ്ഥാനത്തിന്റെ വ്യാവസായിക വികസനത്തി നായി ഉപയോഗിക്കുന്നതിനുള്ള സാദ്ധ്യതകൾ സർക്കാർ പരിശോധിച്ചു വരികയാണ്

- Scooters Kerala Ltd : G.O.(Ms).No.103/07/ID dated 30-07-2007, പ്രകാരം സ്ഥലവും ബിൽഡിങ് ഉൾപ്പെടെയുള്ള ആസ്തികളും ബാധ്യതകളും സഹകരണ വകുപ്പിന്റെ അധീനതയിലുള്ള Co-operative Academy of Professional Education (CAPE) എന്ന സ്ഥാപനത്തിന് കൈമാറിയിട്ടുണ്ട്.

- Kerala Construction Components Ltd പ്രവർത്തനം നിർത്തലാക്കിയ ചേർത്തലയിലെ പള്ളിപ്പുറത്തുള്ള കേരള കൺസ്ട്രക്ഷൻ കമ്പോണന്റ്സിലെ സൗകര്യങ്ങൾ വ്യാവസായികാവശ്യങ്ങൾക്കു വേണ്ടി പ്രയോജനപ്പെടുത്തുന്നതിന്റെ സാദ്ധ്യതകൾ പരിശോധിക്കുന്നതിനു വേണ്ടി G.O(Rt) No.646/2009/ID dated 30.05.2009 പ്രകാരം കെ.എസ്.ഐ.ഡി.സിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

- Kerala Garments Ltd.
  ഈ സ്ഥാപനത്തിലെ ഉൽപ്പാദന സൗകര്യങ്ങൾ ഉപയോഗിക്കുന്നതിനായി HANVEEV-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

| | | | |
|---|---|---|---|
| **പതിനഞ്ചാം സമ്മേളനം** | | | |
| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 680 | | 29.07.2010 -ൽ മറുപടിയ്ക്ക് | |
| വികലാംഗ കോർപ്പറേഷന്റെ പ്രവർത്തനം | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ. കെ.ടി. ജലീൽ:<br>ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്:<br>ശ്രീ. മുരളി പെരുനെല്ലി:<br>ശ്രീ. പി ജയരാജൻ: | | ശ്രീമതി .പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാന വികലാംഗ കോർപ്പറേഷൻെറ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (എ) | ഉണ്ട്.എല്ലാ മാസവും സർക്കാർ തലത്തിൽ പദ്ധതി നിർവ്വഹണം സംബന്ധിച്ച് അവലോകന യോഗം വിളിക്കുകയും പദ്ധതി പ്രവർത്തനങ്ങൾ, കോർപ്പറേഷൻെറ മൊത്തത്തിലുള്ള പ്രവർത്തനങ്ങൾ എന്നിവ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ മാനേജിംഗ് ഡയറക്ടർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. |
| (ബി) | വികലാംഗർക്കായി എന്തെല്ലാം ക്ഷേമ പ്രവർത്തനങ്ങളാണ് കോർപ്പറേഷൻ നടത്തി വരുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | വികലാംഗർക്കായി കോർപ്പറേഷൻ നടപ്പിലാക്കി വരുന്ന ക്ഷേമ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു,.<br>1. സഹായ ഉപകരണങ്ങളുടെ വിതരണം.<br>2. സ്വയംതൊഴിൽ പദ്ധതി (ബാങ്ക് ലോൺ സബ്സിഡി)<br>3. മോട്ടോർ ഘടിപ്പിച്ച സ്കൂട്ടർ വാഹനം വാങ്ങിയ വികലാംഗർക്ക് സബ്സിഡി.<br>4. അംഗവൈകല്യമുള്ള വിദ്യാർത്ഥികൾക്ക് പ്രൊഫിഷ്യൻസി അവാർഡ്.<br>5. മത്സര പരീക്ഷകൾക്കുള്ള കോച്ചിംഗ്-കം-ഗൈഡൻസ്..<br>6. വൈകല്യമുള്ള ലോട്ടറി ഏജന്റുമാർക്ക് സാമ്പത്തിക സഹായം. |

| | | | |
|---|---|---|---|
| | | | 7. സൗജന്യമായി ചായ-കോഫി വെൻഡിംഗ് മെഷീനുകൾ നൽകൽ.<br>8. സ്വയംതൊഴിൽ/വിദ്യാഭ്യാസ/കൃഷി എന്നിവയ്ക്കായി നാഷണൽ ഹാൻഡികാപ്ഡ് ഫിനാൻസ് ആന്റ് ഡവലപ്മെന്റ് കോർപ്പറേഷന്റെ വായ്പ നൽകൽ.<br>9. തികച്ചും അംഗവൈകല്യമുള്ള പെൺ കുട്ടികൾക്കും ആൺകുട്ടികൾക്കും സ്ഥിര നിക്ഷേപ പദ്ധതി.<br>10. പ്രായമായവർക്ക് സഹായോപകരണങ്ങൾ മെഡിക്കൽ ക്യാമ്പ് നടത്തി ലഭ്യമാക്കൽ.<br>11.വികലാംഗരായ വയോജനങ്ങൾക്കു വേണ്ടി പാറശ്ശാലയിൽ വൃദ്ധ സദനം<br>12. വികലാംഗരായ പട്ടികജാതി/പട്ടിക വർഗ്ഗക്കാർക്കായുള്ള തൊഴിൽ പരിശീലനം.<br>13. കേന്ദ്ര സർക്കാരിന്റെ എൻ.പി.ആർ. പി.ഡി. പദ്ധതി പ്രകാരം കൊല്ലം, പാലക്കാട്, കാസർഗോഡ് ജില്ലകളിൽ സമ്പൂർണ്ണ വികലാംഗ പുനരധിവാസം.. |
| (സി) | ഐ.ടി. രംഗത്തേക്ക് കൂടുതൽ വികലാംഗരെ ആകർഷിക്കാനുതകുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുമോ? | (സി) | ഐ.ടി. രംഗത്തേക്ക് കൂടുതൽ വികലാംഗരെ ആകർഷിക്കാനുതകുന്ന പദ്ധതികൾ തനത് ഫണ്ട് വിനിയോഗിച്ച് ആവിഷ്ക്കരിച്ചു നടപ്പിലാക്കാൻ കോർപ്പറേഷന്റെ സാമ്പത്തിക സ്ഥിതി അനുവദിക്കുന്നില്ല. എന്നതിനാൽ ടി വിഷയം ഇപ്പോൾ പരിഗണനയിലില്ല. |

Mary Melanie Netto
സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

| നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.681 | 29.7.2010 ൽ മറുപടിക്ക് |
|---|---|

സ്പെഷ്യാലിറ്റി കേഡർ നടപ്പിലാക്കിയതിലെ അപാകതകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ബാബു:<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:<br>ശ്രീ. എം.എ. വാഹീദ്:<br>ശ്രീ: പി.സി. വിഷ്ണുനാഥ്: | ശ്രീമതി. പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്ത് നടപ്പിലാക്കിയ സ്പെഷ്യാലിറ്റി കേഡർ അപാകതകൾ പരിഹരിക്കാനായി സർക്കാർ ഡോക്ടർമാർ നടത്തുന്ന നിസ്സഹകരണ സമരംമൂലം പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ നേരിടുന്നതിന് സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; | എ) സ്പെഷ്യാലിറ്റി കേഡർ നടപ്പിലാക്കിയപ്പോൾ സംസ്ഥാനത്തെ മുഴുവൻ ജനറൽ, ജില്ലാ, താലൂക്ക് ആശുപത്രികളിലും, മറ്റ് സ്പെഷ്യാലിറ്റി ആശുപത്രികളിലും അവയുടെ കിടക്കകളുടെ അടിസ്ഥാനത്തിൽ വിവിധ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ തസ്തികകൾ ക്രമീകരിച്ച് വിന്യസിച്ചു. ഇതിലേയ്ക്കായി 441 ഡോക്ടർമാരുടെ അധിക തസ്തികകളും സൃഷ്ടിച്ചു. പുതിയ കേഡർ നടപ്പിലാക്കിയതിലൂടെ വിവിധ വിഭാഗം സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനം താലൂക്ക് തലം വരെ പൊതുജനങ്ങൾക്ക് ലഭ്യമാക്കാൻ സാധിച്ചു.<br>31.12.06 ന് മുൻപ് ജോലിയിൽ പ്രവേശിച്ചവർക്കാണ് ആദ്യം സ്പെഷ്യലിസ്റ്റ് കേഡറിൽ നിയമനം നൽകിയിട്ടുള്ളത്. എന്നാൽ മെഡിസിൻ, സർജറി, അനസ്തേഷ്യ, ഡെർമറ്റോളജി, ടി.ബി & ചെസ്റ്റ്, ഫോറൻസിക് തുടങ്ങിയ പ്രധാന |

| | |
|---|---|
| | വിഭാഗങ്ങളിലേക്ക് ആവശ്യമായ സ്പെഷ്യലിസ്റ്റുകൾ സർവ്വീസിൽ ലഭ്യമായിരുന്നില്ല. ഇതിലേയ്ക്ക് 1.1.2007മുതൽ നാളിതുവരെ സർവ്വീസിൽ പ്രവേശിച്ച സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ കൂടി ഓപ്ഷൻ ശേഖരിച്ച് അവരെകൂടി ബാക്കി ഒഴിവുള്ള സ്പെഷ്യാലിറ്റി തസ്തികകളിലേക്ക് നിയമിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.<br>നിസ്സഹകരണ സമരത്തിന്റെ ഭാഗമായി ഒരു വിഭാഗം ഡോക്ടർമാർ അവലോകന യോഗങ്ങളിൽ പങ്കെടുക്കില്ല ന്നാണ് അറിയിച്ചിട്ടുള്ളത്. ആശുപത്രികളുടേയും ഫീൽഡ് തല പൊതു ജനാരോഗ്യ പ്രവർത്തനങ്ങളേയും, മാതൃശിശു ആരോഗ്യ പ്രവർത്തനങ്ങളേയും നിസ്സഹകരണ സമരം ബാധിച്ചിട്ടില്ല. പൊതുജനാരോഗ്യ പ്രവർത്തനങ്ങളുടെ പ്ലാനിംഗും, വിലയിരുത്തലും തുടർനടപടികളും മുടക്കം കൂടാതെ നടത്തിവരുന്നുണ്ട്. പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ യഥാസമയം ഇടപ്പെട്ട് പരിഹരിക്കുന്നുണ്ട്. |
| ബി) എന്തൊക്കെ ആവശ്യങ്ങൾ അനുവദിക്കണമെന്നാവശ്യപ്പെട്ടാണ് ഡോക്ടർമാർ ഇപ്പോൾ നിസ്സഹകരണ സമരം നടത്തുന്നത്; | (ബി)<br>സ്പെഷ്യാലിറ്റി/അഡ്മിനിസ്ട്രേറ്റീവ് കേഡറിലെ അപാകതകൾ പരിഹരിക്കണമെന്നുംമറ്റും ആവശ്യപ്പെട്ടാണ് ഇപ്പോൾ |

| | |
|---|---|
| | നിസ്സഹകരണ സമരം നടത്തുമെന്ന് അറിയിച്ചിട്ടുള്ളത്. |
| സി) ഈ സമരത്തിന്റെ ഭാഗമായി ഡോക്ടർമാർ എന്തൊക്കെ ജോലികളിൽനിന്നും ഉത്തരവാദിത്വങ്ങളിൽനിന്നുമാണ് വിട്ടുനിൽക്കുന്നത്; | (സി) ഉദ്യോഗസ്ഥതലത്തിലുള്ള അവലോകനയോഗങ്ങളിൽ നിന്നുമാത്രമാണ് ഡോക്ടർമാർ വിട്ടുനിൽക്കുന്നത്. |
| ഡി) നിസ്സഹകരണ സമരം നടത്തുന്ന ഡോക്ടർമാരുമായി സർക്കാർ എന്തെങ്കിലും ചർച്ച നടത്തിയിരുന്നുവോ; | (ഡി) നടത്തി. |
| ഇ) ഇവരുടെ നിസ്സഹരണ സമരം അവസാനിപ്പിക്കുന്നതിന് സർക്കാർ എന്തൊക്കെ പ്രായോഗിക നിർദ്ദേശങ്ങളാണ് മുന്നോട്ടുവച്ചിട്ടുള്ളത്; | ഇ & എഫ്) ഡോക്ടർമാരുടെ വ്യക്തിഗത അപ്പീലുകൾ പരിശോധിച്ച് പരിഹാര നടപടികൾ കൈക്കൊള്ളുന്നതിന്റെ ഭാഗമായി ജി.ഒ (എം.എസ്) നം. 356/10/ആ.കു.വ തീയതി 6.6.2010 പ്രകാരം 168 ഡോക്ടർമാരുടേയും. ജി.ഒ (ആർ.റ്റി) 2526/10/ആ.കുവ തീയതി 28.6.2010 പ്രകാരം 133 ഡോക്ടർമാരുടേയും അപ്പീലുകൾ പരിഗണിച്ച് സ്ഥലംമാറ്റം നൽകി. ഒഴിവുള്ള തസതികകളിലേക്ക് കൂടി ഓപ്ഷൻ ക്ഷണിച്ച് നിയമനം നടത്താൻ നടപടി സ്വീകരിച്ചു. |
| എഫ്) ഇക്കാര്യത്തിൽ എന്തൊക്കെ തീരുമാനങ്ങൾ കൈക്കൊണ്ടു എന്നതിന്റെ വിശദാംശങ്ങൾ അറിയിക്കുമോ? | |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 682 | 29/07/2010–ൽ മറുപടിയ്ക്ക് |

# ഗ്രാമീണ മേഖലയിൽ നിർബന്ധിത സേവനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ :<br>ശ്രീ. പി. സി. ജോർജ് :<br>ശ്രീ. ജോസഫ് എം. പുതുശ്ശേരി : | ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |

(എ) സംസ്ഥാനത്ത് എം. ബി. ബി. എസ്. പഠനം പൂർത്തിയാക്കുന്ന ഡോക്ടർമാർക്ക് ഗ്രാമീണ മേഖലയിൽ സേവനം നിർബന്ധമാക്കിയത് എന്നു മുതലാണ് ; വിശദാംശങ്ങൾ നല്കുമോ ;

(എ) 1998 മുതലുള്ള പ്രൊഫഷണൽ ഡിഗ്രി പ്രോസ്പക്ടസിൽ കേരളത്തിലെ സർക്കാർ മെഡിക്കൽ കോളേജുകളിൽ വിജയകരമായി എം.ബി.ബി.എസ്. പഠനം പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് ഗ്രാമീണ സേവനം നിർബന്ധമാണെന്ന് രേഖപ്പെടുത്തിയിരുന്നെങ്കിലും അത് നടപ്പാക്കിയിരുന്നില്ല. ഈ സർക്കാർ അധികാരത്തിൽ വന്നശേഷമാണ് 22.12.2006 ലെ GO(MS)272/06/H&FWD ഉത്തരവു പ്രകാരം ഗ്രാമീണസേവനം നിർബന്ധമാക്കി നടപ്പിലാക്കിയത്.

(ബി) ഡോക്ടർമാർക്ക് ഗ്രാമീണ മേഖലയിൽ സേവനം നിർബന്ധമാക്കിയതിനു ശേഷം പ്രതിവർഷം എത്ര ഡോക്ടർമാർ വീതം പഠിച്ചിറങ്ങിയെന്നും ഇവരിൽ എത്ര പേർ വീതം ഗ്രാമീണ മേഖലയിൽ സേവനം അനുഷ്ഠിച്ചുവെന്നും വ്യക്തമാക്കുമോ ;

(ബി) എഴുനൂറോളം ഡോക്ടർമാർ പഠനം പൂർത്തിയാക്കി പുറത്തിറങ്ങുകയും അവരെ ഗ്രാമീണസേവനത്തിനായി നിയോഗിക്കുകയും ചെയ്യാറുണ്ട്.

(സി) ഗ്രാമീണ മേഖലയിൽ നിർബന്ധിത സേവനത്തിന് വിസമ്മതിക്കുന്ന ഡോക്ടർമാർക്കെതിരെ എന്തെല്ലാം ശിക്ഷാനടപടികളാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത് ; ആയതു പ്രകാരം ശിക്ഷാ നടപടികൾക്ക് എത്ര ഡോക്ടർമാർ വിധേയരായി ; വ്യക്തമാക്കുമോ ;

(സി) ഗ്രാമീണ സേവനം ചെയ്യാത്ത ഡോക്ടർമാരിൽ നിന്ന് പിഴയായി 5,00,000 രൂപ ഈടാക്കുന്നതും അവർക്കെതിരെ 2002 ലെ ഇന്ത്യൻ മെഡിക്കൽ കൗൺസിൽ റെഗുലേഷൻ വ്യവസ്ഥകളനുസരിച്ച് ശിക്ഷണ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതാണ്. ഹാജരാകാത്ത ഡോക്ടർമാർക്കെതിരെ മുകളിൽപ്പറഞ്ഞ പ്രകാരമുള്ള കാരണം കാണിക്കൽ നോട്ടീസ് നൽകുമ്പോൾ അവർ ജോലിക്ക് ഹാജരാവുകയും ശിക്ഷണ നടപടികളിൽ നിന്ന് ഒഴിവാകുകയും ചെയ്യാറുണ്ട്.

| | | |
|---|---|---|
| (ഡി) | സർക്കാർ മെഡിക്കൽ കോളേജുകളിൽ നിന്ന് വിജയകരമായി പഠനം പൂർത്തിയാക്കി പുറത്തുവരുന്ന ഒരു ഡോക്ടർക്ക് പഠന ചെലവിനായി ഖജനാവിൽ നിന്ന് എത്ര തുകയാണ് സർക്കാർ ചെലവഴിക്കുന്നത് ; വ്യക്തമാക്കുമോ ; | (ഡി) ഇതു സംബന്ധിച്ച കണക്കുകളെക്കുറിച്ച് ആധികാരികമായ പഠനം നടത്തിയിട്ടില്ല. |
| (ഇ) | ഗ്രാമീണ മേഖലയിലുള്ള ആതുരാലയങ്ങളിൽ ആവശ്യത്തിന് ഡോക്ടർമാർ ഇല്ലാത്തതു മൂലം ഉളവായിട്ടുള്ള പ്രതിസന്ധി പരിഹരിക്കാൻ സത്വര നടപടി സ്വീകരിക്കുമോ ? | (ഇ) ഗ്രാമീണ മേഖലയിലെ ആതുരാലയങ്ങളിൽ ആവശ്യത്തിനുള്ള ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

ചോദ്യം നം. : 683

29.07.2010 - ൽ മറുപടിയ്ക്ക്

## ഭൂഗർഭ ജല ചൂഷണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.എൻ.പ്രതാപൻ<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. സി.പി.മുഹമ്മദ് | | ശ്രീ.എൻ.കെ.പ്രേമചന്ദ്രൻ<br>(ജല വിഭവ വകുപ്പു മന്ത്രി) | |
| (എ) | ഭൂഗർഭജല ചൂഷണം കുറയ്ക്കണമെന്ന നിർദ്ദേശം നടപ്പാക്കാത്ത കഞ്ചിക്കോട്ടെ പെപ്സി കമ്പനിക്കെതിരെ എന്ത് നടപടി സ്വീകരിക്കാനാണ് തീരുമാനിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; | (എ) | പെപ്സി കമ്പനിയുടെ അമിത ജല ഉപയോഗവും ജലമലിനീകരണവും സംബന്ധിച്ചുള്ള സബ്ജക്റ്റ് കമ്മിറ്റി III-ന്റെ ശുപാർശകൾ സർക്കാർ പരിശോധിച്ചുവരുന്നു. |
| (ബി) | ഇപ്പോൾ പ്രതിദിനം ഇവിടെ എത്ര ഭൂഗർഭ ജലമാണ് കമ്പനി ഉപയോഗിക്കുന്നത്; | (ബി) | കഞ്ചിക്കോട്ടെ പെപ്സി കമ്പനിയുടെ ഭൂജല ഉപയോഗം പ്രതിദിനം 5 – 6 ലക്ഷം ലിറ്ററാണ് എന്ന് ഭൂജല വകുപ്പ് കണ്ടെത്തിയിട്ടുണ്ട്. |
| (സി) | നിയമസഭയുടെ സബ്ജക്റ്റ് കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം ഇത് എത്ര ലിറ്ററായി കുറയ്ക്കണമെന്നാണ് സർക്കാർ ആവശ്യപ്പെട്ടിരിക്കുന്നത്; | (സി) | നിയമസഭയുടെ സബ്ജക്റ്റ് കമ്മിറ്റി പ്രതിദിനം 2.34 ലക്ഷം ലിറ്ററായി പരിമിതപ്പെടുത്തുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത നിർദ്ദേശം കമ്പനി നടപ്പിലാക്കാത്തതിന് കാരണമെന്ത്; | (ഡി) | നിയമസഭ സമിതിയുടെ ശുപാർശ സർക്കാരിന്റെ പരിഗണനയിലാണ്. |

. . : . . 2

| | | | |
|---|---|---|---|
| (ഇ) | ഇത് സംബന്ധിച്ച് എന്തെങ്കിലും കോടതി നിർദ്ദേശം ലഭിച്ചിട്ടുണ്ടോ; | (ഇ) | പെപ്സി കമ്പനി എടുക്കുന്ന ഭൂജലത്തിന്റെ പരമാവധി അളവ് പ്രതിദിനം 2.34 ലക്ഷം ലിറ്റർ ആയി പരിമിതപ്പെടുത്തണമെന്ന സബ്ജക്റ്റ് കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഭൂജലത്തിന്റെ പരമാവധി അളവ് 2.34 ലക്ഷം ലിറ്റർ ആയി പരിമിതപ്പെടുത്തുവാൻ ഭൂജല വകുപ്പ് ഡയറക്ടർ കമ്പനിക്ക് നിർദ്ദേശം നൽകി. പ്രസ്തുത നിർദ്ദേശത്തിനെതിരെ 23.04.2010 -ൽ പെപ്സി കമ്പനി, ചീഫ് സെക്രട്ടറിക്ക് നിവേദനം സമർപ്പിച്ചിട്ടുണ്ട്. കൂടാതെ കമ്പനി ബഹു: ഹൈക്കോടതിയിൽ WP(C) No.20693/10 കേസ് ഫയൽ ചെയ്യുകയും പ്രസ്തുത കേസിൽ ബഹു: ഹൈക്കോടതി, കമ്പനിയെ നേരിൽ കേട്ടശേഷം ആറാഴ്ചക്കകം തീരുമാനങ്ങൾ എടുക്കുവാൻ സർക്കാരിന് നിർദ്ദേശം നൽകിയിട്ടുമുണ്ട്. |
| (എഫ്) | ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; | (എഫ്) | ഈ വിഷയം സർക്കാർ പരിശോധിച്ചു വരുന്നു |
| (ജി) | ഇവിടെ ഭൂഗർഭ ജലത്തിന്റെ അമിത ഉപഭോഗം കുറയ്ക്കുന്നതിന് മറ്റെന്തൊക്കെ നിർദ്ദേശങ്ങളാണ് കമ്പനിക്ക് നൽകിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ജി) | അമിത ജല ഉപഭോഗം കുറയ്ക്കുന്നതിന് താഴെപറയുന്ന ശുപാർശകൾ സബ്ജക്റ്റ് കമ്മിറ്റി III നിർദ്ദേശിച്ചിട്ടുണ്ട്.<br><br><u>1. ശുപാർശ 34:</u>- പെപ്സി ഉപയോഗിക്കുന്ന ഭൂജലത്തിന്റെ അളവ് നിരീക്ഷിക്കുന്നതിന് വേണ്ടി പമ്പ് ഹൗസിൽ സ്കാഡാ ടെലി മെട്രി സംവിധാനം ഏർപ്പെടുത്തുവാൻ നിർദ്ദേശിച്ചിട്ടുണ്ട്.<br><br><u>2.ശുപാർശ - 38:</u>- കമ്പനിയുടെ കുഴൽ കിണറിന്റെ ഡെലിവറി പൈപ്പിൽ ഫ്ളോമീറ്റർ ഘടിപ്പിക്കുവാനും ഓരോ പമ്പിനും പ്രത്യേകം എനർജി മീറ്റർ ഘടിപ്പിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ടചോദ്യം നമ്പർ. 684 — 29 -07-2010-ൽ മറുപടിയ്ക്ക്

## കായികതാരങ്ങളുടെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.ജോർജ് എം.തോമസ്:<br>ശ്രീ.കെ.സി.കുഞ്ഞിരാമൻ:<br>ശ്രീ.വി.ശിവൻകുട്ടി:<br>ശ്രീ.കെ.കുഞ്ഞിരാമൻ: | ശ്രീ.എം.വിജയകുമാർ<br>(നിയമവും പാർലമെന്ററി കാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി) |
| (എ)<br>സംസ്ഥാനതലത്തിലും ദേശീയ തലത്തിലുമുള്ള കായിക മത്സരങ്ങളിൽ പങ്കെടുത്തിട്ടുള്ള പല കായിക താരങ്ങളും തൊഴിൽ ലഭിക്കാതെ കഷ്ടപ്പെടുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ)<br>ഉണ്ട്. |
| (ബി)<br>കായികതാരങ്ങളുടെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ; | (ബി)<br>കായിക താരങ്ങളുടെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനായി നിലവിലുണ്ടായിരുന്ന സ്പോർട്സ് ക്വാട്ടാ നിയമന ഒഴിവുകൾ 2009 മുതൽ പ്രതിവർഷം 20 എന്നതിൽ നിന്നും 50 ആക്കി ഉയർത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിനു പുറമെ പോലീസ് വകുപ്പിൽ സ്പോർട്സ് ക്വാട്ടാ നിയമനങ്ങൾ പുന:സ്ഥാപിച്ചു. പൊതുമേഖലാ സ്ഥാപനങ്ങളായ കെ.എസ്.ഇ.ബി., ടൈറ്റാനിയം എന്നിവയിൽ സ്പോർട്സ് ക്വാട്ടാ നിയമനം ആരംഭിച്ചിട്ടുണ്ട്. |
| (സി)<br>കായികതാരങ്ങൾക്ക് ക്ഷേമനിധി ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ? | (സി)<br>പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 685 29.07.10ൽ മറുപടിക്ക്

## തുറമുഖ തൊഴിലാളികളുടെ സുരക്ഷിതത്വത്തിനും ക്ഷേമത്തിനുമായി പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.എം.ദിനേശ് മണി | ശ്രീ. എം. വിജയകുമാർ |
| ശ്രീ. സി.എച്ച്.കുഞ്ഞമ്പു | (നിയമവും പാർലമെൻററികാര്യവും |
| ശ്രീ.എ.പ്രദീപ് കുമാർ | സ്പോർട്ട്സും യുവജനക്ഷേമവും |
| ശ്രീ.എം.പ്രകാശൻ മാസ്റ്റർ | തുറമുഖവും വകുപ്പു മന്ത്രി) |

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ | തുറമുഖ തൊഴിലാളികളുടെ സുരക്ഷിതത്വത്തിനും ക്ഷേമത്തിനുമായി സർക്കാർ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; | എ | ഉണ്ട്. |
| ബി | എങ്കിൽ വിശദാംശം നൽകുമോ ; | ബി | തുറമുഖ തൊഴിലാളികളുടെ ക്ഷേമവും സുരക്ഷിതത്വവും ഉറപ്പുവരുത്തുന്നതിനായി സർക്കാർ Kerala Dock Workers(Safety, Health & Welfare) Regulations,2009 പുറപ്പെടുവിച്ചിട്ടുണ്ട്.<br>2010-11 സാമ്പത്തിക വർഷം താഴെ പറയുന്ന കാര്യങ്ങൾക്കായി 44 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.<br><br>1) തുറമുഖ തൊഴിലാളികളുടെ ആരോഗ്യ ഇൻഷ്വുറൻസ്<br>2) വിദ്യാഭ്യാസ സഹായം.<br>3) സുരക്ഷാ ഉപകരണങ്ങളായ ഹെൽമറ്റ്, ഷൂസ്, ഗ്ലൗസ് എന്നിവ നൽകുന്നതിന്<br>4) വനിതാ തൊഴിലാളികളുടെ യാത്രാ സൗകര്യത്തിനായി ബേപ്പൂർ, വിഴിഞ്ഞം തുറമുഖങ്ങളിൽ ഓരോ ബസ്സ് വാങ്ങുന്നതിന് |

| | | | |
|---|---|---|---|
| സി | തൊഴിലാളികൾക്ക് സുരക്ഷാ ഉപകരണങ്ങൾ ലഭിക്കാൻ പദ്ധതി ആവിഷ്കരിച്ചി ട്ടുണ്ടോ ;എങ്കിൽ വിശദാംശം നൽകുമോ ; | സി | ഉണ്ട്. കോഴിക്കോട് തുറമുഖ ഓഫീസിന്റെ കീഴിൽ പ്രവർത്തിക്കുന്ന തുറമുഖ തൊഴിലാളികൾക്ക് സുരക്ഷാ ഉപകരണങ്ങൾ വാങ്ങുന്നതിന് 2,25,000 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതു പ്രകാരം സെഫ്റ്റി ഹെൽമറ്റ്, സെഫ്റ്റി ഷൂ എന്നിവ വാങ്ങിയിട്ടുണ്ട്. വിഴിഞ്ഞം തുറമുഖ ഓഫീസിന്റെ കീഴിൽ പ്രവർത്തിക്കുന്ന തുറമുഖ തൊഴിലാളികൾക്ക് ഇവ വാങ്ങുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. പ്രവർത്തനം നിലച്ച തുറമുഖങ്ങളിലെ തൊഴിലാളികൾക്ക് സൗജന്യ റേഷനും ഉത്സവ ബത്തയും നൽകാറുണ്ട്. |
| ഡി | തൊഴിലാളികൾക്ക് ആരോഗ്യ ഇൻഷ്വുറൻസ് ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | ഡി | തൊഴിലാളികൾക്ക് ആരോഗ്യ ഇൻഷ്വുറൻസ് സ്കീം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ടചോദ്യം നമ്പർ. 686 — 29 -07-2010-ൽ മറുപടിയ്ക്ക്

കായിക മേഖലയുടെ വികസനത്തിനായി കർമ്മ പദ്ധതി

**ചോദ്യം**

ശ്രീ.പി.സി.ജോർജ് :
ശ്രീ.ജോസഫ് എം. പുതുശ്ശേരി:
ശ്രീ.റോഷി അഗസ്റ്റിൻ:
ശ്രീ.തോമസ് ചാഴികാടൻ:

(എ)

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കായിക മേഖലയുടെ ഉന്നതിക്കു വേണ്ടി എന്തെല്ലാം കാര്യങ്ങൾ ചെയ്തു; വ്യക്തമാക്കുമോ ;

**മറുപടി**

ശ്രീ.എം.വിജയകുമാർ
(നിയമവും പാർലമെന്ററി കാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി)

(എ)

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കായിക മേഖലയുടെ ഉന്നതിക്കു വേണ്ടി കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ മുഖാന്തിരം താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

1) സമ്പൂർണ്ണ കായിക ക്ഷമതാ പദ്ധതി.

2) വിഷൻ ഇന്ത്യാ പദ്ധതി.

3) ആരോഗ്യ കായിക വിദ്യാഭ്യാസ പദ്ധതി.

4) പഞ്ചായത്ത് യുവ ക്രീഡാ ഓർ ഖേൽ അഭിയാൻ.

5) ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം/ഒരു നീന്തൽക്കുളം പദ്ധതി.

6) കേരളത്തിലെ എല്ലാ വിദ്യാർത്ഥികൾക്കും പ്രാഥമിക നീന്തൽ പരിശീലന പദ്ധതി.

7) സ്പോർട്ട്സ് ആക്ട് പഞ്ചായത്ത് തലം വരെ നടപ്പിലാക്കി.

8) 2010 കായിക വർഷമായി ആചരിക്കുന്നു.

9) സ്പോർട്ട്സ് ക്വാട്ടാ നിയമനം 20-ൽ നിന്നും 50 - ആക്കി.

10) നാഷണൽ ഗെയിംസിന്റെ ഭാഗമായി 500 കോടി രൂപയുടെ അന്താരാഷ്ട്ര നിലവാരത്തിലുള്ള സ്റ്റേഡിയങ്ങൾ, ഇൻഡോർ സ്റ്റേഡിയങ്ങൾ, നീന്തൽ കുളങ്ങൾ എന്നിവ നിർമ്മിക്കുന്നു.

കായിക യുവജനകാര്യാലയം വഴി നടപ്പിലാക്കിയ പദ്ധതികൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.

| | |
|---|---|
| (ബി) നടപ്പു സാമ്പത്തിക വർഷം കായിക മേഖലയ്ക്കു വേണ്ടി എത്ര തുകയാണ് നീക്കിവെച്ചിട്ടുള്ളത്; | (ബി) നടപ്പു സാമ്പത്തിക വർഷം കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന് പ്ലാൻ ഗ്രാന്റ് ഇനത്തിൽ 12 കോടി രൂപയും നോൺ പ്ലാൻ ഇനത്തിൽ 5,84,37,000/- രൂപയും ദേശീയ അന്തർ ദേശീയ മത്സര വിജയികൾക്കുള്ള ക്യാഷ് അവാർഡ് വിതരണത്തിനായി 1.5 കോടി രൂപയും ദേശീയ ഗെയിംസ് നടത്തിപ്പിനായി 67 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. |

(സി)

കായിക മേഖലയുടെ വികസനത്തിനായി 2006-07 മുതൽ 2009-10 വരെയുള്ള കാലയളവിൽ കേന്ദ്ര സർക്കാരിൽ നിന്ന് ലഭിച്ചിട്ടുള്ള സഹായം എത്ര വീതമാണ്;

(സി)

കായിക മേഖലയുടെ വികസനത്തിനായി 2006-07 മുതൽ 2009-10 വരെ കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന് ലഭിച്ച കേന്ദ്ര സഹായം താഴെ കൊടുക്കുന്നു.

1. 2006-07 - 1,32,580/- രൂപ.
2. 2007-08 - 51,37,000/- രൂപ.
3. 2008-09 - 11,00,000/- രൂപ.
4. 2009-10 - 94,22,500/- രൂപ.

കായിക യുവജനകാര്യാലയത്തിന് ലഭിച്ച കേന്ദ്ര സഹായം സംബന്ധിച്ച വിവരം അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.

(ഡി)

പുതിയ തലമുറയെ കായിക രംഗത്തോട് ആഭിമുഖ്യമുള്ളവരായി വളർത്തിയെടുക്കാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് സർക്കാർ വിഭാവനം ചെയ്തിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ ?

(ഡി)

പുതിയ തലമുറയെ കായിക രംഗത്തോട് ആഭിമുഖ്യമുള്ളവരായി വളർത്തിയെടുക്കാൻ താഴെ പറയുന്ന കർമ്മ പദ്ധതികൾ വിഭാവനം ചെയ്ത് നടപ്പിലാക്കി വരുന്നു.

***1) വിഷൻ ഇന്ത്യ കേരള പദ്ധതി.***

ഏഷ്യൻ ഫുട്ബോൾ കോൺഫെഡറേഷൻ വിവിധ ഏഷ്യൻ രാജ്യങ്ങളിൽ ഫുട്ബോൾ നിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി തയ്യാറാക്കിയിട്ടുള്ള വിഷൻ ഏഷ്യ പദ്ധതി കേരളത്തിൽ വിഷൻ ഇന്ത്യ കേരള എന്ന പേരിൽ നടപ്പിലാക്കി വരുന്നു. പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് 91 സ്കൂളുക

ളിലായി 3115 കുട്ടികൾക്ക് ഫുട്ബോൾ പരിശീലനം നൽകി വരുന്നു.

*2) സമ്പൂർണ്ണ കായിക ക്ഷമതാ പദ്ധതി*

1) ലോകാരോഗ്യ സംഘടനയുടെ പഠനങ്ങളിൽ കേരളത്തിലെ ജീവിത ശൈലീജന്യ രോഗങ്ങൾ വർദ്ധിച്ചു വരുന്നതായി നിരീക്ഷിക്കപ്പെട്ട സാഹചര്യത്തിലാണ് സമ്പൂർണ്ണ കായിക ക്ഷമതാ പദ്ധതി വിഭാവനം ചെയ്തത്. സംസ്ഥാനത്തെ സ്കൂളുകളിൽ 1 മുതൽ 10 വരെയുള്ള ക്ലാസുകളിലാണ് പദ്ധതി നടപ്പിലാക്കിയത്.

*3. ആരോഗ്യ കായിക വിദ്യാഭ്യാസ പദ്ധതി*

ആരോഗ്യ കായിക വിദ്യാഭ്യാസം സ്കൂൾ പാഠ്യപദ്ധതിയുടെ ഭാഗമാക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ആരോഗ്യ കായിക വിദ്യാഭ്യാസ പദ്ധതി.

*4. പഞ്ചായത്ത് യുവ ക്രീഡാ ഓർ ഖേൽ അഭിയാൻ*

ഗ്രാമീണ മേഖലയിൽ കളിസ്ഥലം ലഭ്യമാക്കി ആ പ്രദേശങ്ങളിലെ യുവജനങ്ങളെ കായിക രംഗത്തേയ്ക്ക് ആകർഷിച്ച് സ്പോർട്സിന്റെ അടിത്തറ വിപുലീകരിക്കുകയും അതു വഴി കൂടുതൽ കായിക താരങ്ങളെ സൃഷ്ടിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര സർക്കാർ ആവിഷ്ക്കരിച്ച പ്രസ്തുത പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു.

***5. കേരളത്തിലെ മുഴുവൻ കുട്ടികൾക്കും നീന്തൽ പരിശീലനം.***

കേരളത്തിലെ മുഴുവൻ കുട്ടികൾക്കും സംസ്ഥാനത്ത് സുലഭമായ കുളങ്ങൾ ഉൾപ്പടെയുള്ള ജലസ്രോതസ്സുകൾ പ്രയോജനപ്പെടുത്തി നീന്തലിൽ പ്രാഥമിക പരിശീലനം നൽകി വരുന്നു.

സെക്ഷൻ ഓഫീസർ.

അനുബന്ധം I

1). പഞ്ചായത്തുകളിലേയും സ്കൂളുകളിലേയും മറ്റു സ്ഥാപനങ്ങളിലേയും നിലവിലുള്ള കളിസ്ഥലങ്ങൾ മെച്ചപ്പെടുത്തിന്നതിനും വികസനത്തിനുമായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2006-07 സാമ്പത്തിക വർഷത്തിൽ 40 ലക്ഷം രൂപയും 2007-08 വർഷത്തിൽ 67,02,000/- രൂപയും 2008-09 സാമ്പത്തിക വർഷത്തിൽ 1,29,90,000/- രൂപയും 2009-10 സാമ്പത്തിക വർഷത്തിൽ 1,50,00,000/- രൂപയും അനുവദിച്ചിട്ടുണ്ട്.

2). 43 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് 2007-08 സാമ്പത്തിക വർഷത്തിൽ കളിസ്ഥലങ്ങളുടെ നിർമ്മാണത്തിനായി 3 കോടി രൂപ അനുവദിച്ചു.

3). കളരിപ്പയറ്റ് പ്രോൽസാഹിപ്പിക്കുന്നതിന് ജില്ലാതലത്തിൽ തിരഞ്ഞെടുക്കപ്പെട്ട കളരിപ്പയറ്റ് കേന്ദ്രങ്ങൾക്ക് വർഷംതോറും പരമാവധി ഒരു ലക്ഷം രൂപ വരെ ധനസഹായം അനുവദിച്ചുവരുന്നു.

4). 2010-11 സാമ്പത്തിക വർഷത്തിൽ മേഴ്സിക്കുട്ടൻ അക്കാദമി, വരാപ്പുഴ പപ്പൻ മെമോറിയൽ സ്പോർട്സ് അക്കാദമി എന്നിവയ്ക്കായി 20 ലക്ഷം രൂപ വീതം ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

5). ഉഷാ സ്കൂൾ ഓഫ് അത്‌ലറ്റിക്സിന്റെ കായിക വികസനത്തിനായി ധനസഹായം നൽകിവരുന്നു.

6). 2009-10 സാമ്പത്തിക വർഷം കണ്ണൂർ സ്പോർട്സ് ഹോസ്റ്റലിന്റെ പുതിയ കെട്ടിടത്തിനും ട്രാക്കിനും വേണ്ടിയും, മലപ്പുറം ഫുട്ബോൾ അക്കാദമിക്ക് വേണ്ടിയും ഒരോ കോടി രൂപ വീതം അനുവദിച്ചിട്ടുണ്ട്.

7). ജിമ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയത്തിന്റെ നവീകരണത്തിന് വേണ്ടി 2008-09 സാമ്പത്തിക വർഷം ഒരു കോടി രൂപയും, 2009-10 സാമ്പത്തിക വർഷം 3 കോടി രൂപയും മൂവാറ്റുപുഴ മുനിസിപ്പൽ സ്റ്റേഡിയം, നെടുങ്കണ്ടം സ്പോർട്സ് കോംപ്ലക്സ് എന്നിവയ്ക്ക് 2008-09 സാമ്പത്തി വർഷം 1 കോടി രൂപ വീതം അനുവദിച്ചിട്ടുണ്ട്.

8). 2006-07 സാമ്പത്തിക വർഷത്തിൽ കോഴിക്കോട് ഇൻഡോർ സ്റ്റേഡിയം അറ്റകുറ്റപ്പണികൾക്കായി 20 ലക്ഷം രൂപ ജില്ലാ കളക്ടർക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.

9). 2008-09 സാമ്പത്തിക വർഷത്തിൽ കേരള റെയ്സ് ബോട്ട് & അമച്വർ റോവിംഗ് അസോസിയേഷന് തുഴച്ചിൽ ഉപകരണങ്ങൾ വാങ്ങുന്നതിന് 25 ലക്ഷം രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്.

10). 2008-09 സാമ്പത്തിക വർഷത്തിൽ തലശ്ശേരിയിൽ ഒരു സർക്കസ്സ് അക്കാദമി ആരംഭിക്കുന്നതിനായി സ്ഥലം കണ്ടെത്തുകയും ആയത് സ്ഥിരമായി സ്ഥാപിക്കുന്നതിന് മുൻപായി താല്കാലികാടിസ്ഥാനത്തിൽ അക്കാദമിയുടെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിലേക്കായി 25 ലക്ഷം രൂപ ജില്ലാ കളക്ടർക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്.

11). വയനാട് ജില്ലയിൽ പുൽപ്പള്ളിയിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു അമ്പെയ്ത് പരിശീലന കേന്ദ്രം ആരംഭിക്കുവാൻ നടപടി ആരംഭിച്ചിട്ടുണ്ട്.

12). കൊല്ലം ജില്ലയിലെ കോട്ടുക്കൽ ഗ്രാമ പഞ്ചായത്തിലെ ചടയമംഗലത്ത് വനിതാ സ്പോർട്സ് അക്കാദമി സ്ഥാപിക്കുന്നതിന് 20 ഏക്കർ സ്ഥലം ഏറ്റെടുത്തിട്ടുണ്ട്.

13). കരാട്ടെ പരിശീലനത്തിന് 2008-09 സാമ്പത്തിക വർഷത്തിൽ 4,58,878/- രൂപയും 2009-10 സാമ്പത്തിക വർഷത്തിൽ 12,07,144/- രൂപയും ജൂഡോ പരിശീലനത്തിന് 2008-09 സാമ്പത്തിക വർഷത്തിൽ 14,00,000/- രൂപയും 2009-10 സാമ്പത്തിക വർഷത്തിൽ 17,34,600/- രൂപയും അനുവദിച്ചിട്ടുണ്ട്.

14). തായ്ക്വോണ്ഡോ പരിശീലനത്തിനായി 2006-07 സാമ്പത്തിക വർഷത്തിൽ 18,93,069/- രൂപയും 2007-08 സാമ്പത്തിക വർഷത്തിൽ 19,99,896/- രൂപയും 2008-09 സാമ്പത്തിക വർഷത്തിൽ 20,00,000/- രൂപയും 2009-10 സാമ്പത്തിക വർഷത്തിൽ 25,33,200/- രൂപയും ചെലവാക്കിയിട്ടുണ്ട്.

15). ആയോധന കലകളായ കരാട്ടെ, ജൂഡോ, തായ്ക്വോണ്ഡോ എന്നിവയുടെ പരിശീലനത്തിനായി 2010-11 സാമ്പത്തിക വർഷത്തിൽ 2204-00-104-49-പ്രമോഷൻ & അപ്ഗ്രഡേഷൻ ഓഫ് സ്പോർട്സ് ന്യൂ സ്പോർട്സ് ഡിസിപ്ലിൻ- കരാട്ടെ, ജൂഡോ, തായ്ക്വോണ്ഡോ (പ്ലാൻ) എന്ന ശീർഷകത്തിൽ 47 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

* * * *

## 2006-07

| | |
|---|---|
| ACA-Regional Sports Centre, Kochi | 50,00,000/- |

## 2007-08

| | |
|---|---|
| Indoor Stadium at Prmadam Grama Panchayath (Central Share) | 6,89,000/- |
| St. Mary's H.S. Kakkadampoil (Central Share) | 12,400/- |
| Open Stadium, Pathanamthitta (Central Share) | 1,55,000/- |

## 2008-09

| | |
|---|---|
| ACA.Renovation of Jimmy George Indoor Stadium | 1,00,00,000/- |
| ACA.Construction of Swimming Pool | 1,50,00,000/- |

## 2009-10

| | |
|---|---|
| ACA. Isokinetic Multi-Joint System | 50,00,000/- |
| ACA. 35th National Games (Renovation of Jimmy George Indoor Stadium) | 3,00,00,000/- |
| ACA. 35th National Games (Renovation of Stadia) | 55,00,00,000/- |
| ACA. Assistance to Kerala State Sports Council | 2,28,00,000/- |
| Indoor Stadium at Paradom Grama Panchayath (Central Share) | 60,51,000/- |
| Development of playfield (Central Share) | 25,000/- |

S.O

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 687 : 29/07/2010-ൽ മറുപടിക്ക്

കൊച്ചി കണ്ടെയ്നർ ഫ്രെയ്റ്റ് സ്റ്റേഷൻ

ചോദ്യം

ശ്രീ. എം. ജെ. ജേക്കബ്
ശ്രീ. അൽഫോൺസ് കണ്ണന്താനം
ശ്രീ. എം.കെ. പുരുഷോത്തമൻ
ശ്രീ. സാജുപോൾ

ഉത്തരം

ശ്രീ. എളമരം കരീം
(വ്യവസായ വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസുമായി ചേർന്നുകൊണ്ട് കെ.എസ്.ഐ.ഇ. കൊച്ചിയിൽ കണ്ടെയ്നർ ഫ്രെയ്റ്റ് സ്റ്റേഷൻ ആരംഭിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | എങ്കിൽ പദ്ധതിയുടെ വിശദാംശം നൽകുമോ; | (ബി) | കേരളാ സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡുമായി ലീസും പ്രോഫിറ്റ് ഷെയറിംഗുമായ ഒരു ധാരണയുടെ അടിസ്ഥാനത്തിലാണ് ഈ പദ്ധതി ആരംഭിച്ചത്. പദ്ധതിയുടെ പൂർണ്ണമായ നടത്തിപ്പ് ചുമതല |

| | | | |
|---|---|---|---|
| | | | കേരളാ സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് -ന് ആണ്.<br>ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡിന്റെ ഉപയോഗ്യമല്ലാതിരുന്ന 8.5 ഏക്കർ സ്ഥലമാണ് കണ്ടെയ്നർ ഫ്രെയിറ്റ് സ്റ്റേഷൻ നിർമ്മിക്കാനായി കണ്ടെത്തിയത്. ഈ ധാരണ പ്രകാരം ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡിന് 75 ലക്ഷത്തോളം രൂപ വാടകയിനത്തിലും കൂടാതെ ലാഭത്തിന്റെ 10 ശതമാനവും ലഭിക്കും.<br>പദ്ധതി നടപ്പിലാകുമ്പോൾ 350 ഓളം പേർക്ക് നേരിട്ട് തൊഴിൽ ലഭിക്കും. 5000 ത്തോളം കണ്ടെയിനറുകൾ പാർക്ക് ചെയ്യാവുന്ന യാർഡും, എഴുപത്തിരണ്ടായിരം സ്ക്വയർ ഫീറ്റ് വിസ്തീർണ്ണമുള്ള വെയർഹൗസും പതിമൂവായിരം സ്ക്വയർ ഫീറ്റ് വിസ്തീർണ്ണമുള്ള ഓഫീസ് സമുച്ചയവും ആണ് പദ്ധതിയുടെ ഭാഗമായി നിർമ്മിക്കുന്നത്.<br>ക്ളോസ്ഡ് സർക്യൂട്ട് ക്യാമറ ഉൾപ്പെടെയുള്ള സുരക്ഷാ ക്രമീകരണങ്ങൾ സ്റ്റഫിങ്ങ്/ഡീസ്റ്റഫിങ്ങ്, കണ്ടെയിനർ നീക്കത്തിനായി |

| | | | |
|---|---|---|---|
| | | | ആധുനിക യന്ത്രങ്ങൾ, കസ്റ്റംസ് ഉദ്യോഗസ്ഥരുടെ നേരിട്ടുള്ള മേൽനോട്ടം എന്നിവയും കണ്ടെയ്നർ ഫ്രെയിറ്റ് സ്റ്റേഷനിൽ ഉണ്ടായിരിക്കും. |
| (സി) | പദ്ധതിക്ക് എത്രകോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്; | (സി) | സ്ഥലത്തിന്റെ വില അടക്കം 46.98 കോടി രൂപയാണ് പദ്ധതിയുടെ ചെലവ്. ഇതിൽ സ്ഥലം ലീസായി ലഭിക്കുന്നതിനാൽ നിർമ്മാണത്തിനും യന്ത്രസാമഗ്രികൾക്കും മറ്റുമായി 32.23 കോടി രൂപയാകും. |
| (ഡി) | പദ്ധതിക്കായി സർക്കാർ എത്ര കോടി രൂപ നൽകുമെന്ന് വെളിപ്പെടുത്തുമോ; | (ഡി) | പദ്ധതിക്കായി സർക്കാർ തുക വകയിരുത്തിയിട്ടില്ല. |
| (ഇ) | വല്ലാർപാടം പദ്ധതി പൂർത്തിയാകുന്നതുമായി ബന്ധപ്പെടുത്തി ഫ്രെയ്റ്റ് സ്റ്റേഷന്റെ നിർമ്മാണം പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ? | (ഇ) | കണ്ടെയ്നർ ഫ്രെയിറ്റ് സ്റ്റേഷൻ 2010 ഡിസംബർ മാസത്തോടെ നിർമ്മാണം പൂർത്തിയാക്കാനാണ് തീരുമാനിച്ചിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 688

29.07.2010 ലെ മറുപടിയ്ക്ക്

**ഭക്ഷ്യ സംസ്കരണ വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി പദ്ധതികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.ടി.എ.റഹീം<br>ശ്രീ.ആർ.സെൽവരാജ്<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>ശ്രീ.എസ്.രാജേന്ദ്രൻ | ശ്രീ.എളമരം കരീം<br>(ബഹു.വ്യവസായ വകുപ്പ് മന്ത്രി) |

(എ) ഭക്ഷ്യ സംസ്കരണ വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി വ്യവസായ വകുപ്പ് ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(എ) 2007 ലെ വ്യവസായ നയത്തിൽ കൃഷി അധിഷ്ഠിത വ്യവസായം ഒരു പ്രധാന വിഭാഗമായി ഗവണ്മെന്റ് നിശ്ചയിച്ചിരുന്നു. ഈ മേഖലയിൽ പുതിയ നിക്ഷേപങ്ങൾ ആകർഷിക്കുക, കൃഷി അധിഷ്ഠിത വ്യവസായങ്ങൾ കൂടുതൽ ആരംഭിക്കുക, കേരളത്തിന്റെ തനത് ഉല്പന്നങ്ങളുടെ വിപണന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക എന്നിവ ലക്ഷ്യമാക്കിയാണ് ഗവണ്മെന്റ് വിവിധ പദ്ധതികൾ തയ്യാറാക്കുന്നത്. പ്രസ്തുത ലക്ഷ്യം നേടുന്നതിനായി ഗവണ്മെന്റ് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. അടിസ്ഥാന പശ്ചാത്തല വികസനം ലക്ഷ്യമാക്കി ഗവണ്മെന്റ് താഴെപ്പറയുന്ന സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്.

- ഭക്ഷ്യ സംസ്ക്കരണ പാർക്ക്, കാക്കഞ്ചേരി, മലപ്പുറം
- ഭക്ഷ്യ സംസ്ക്കരണത്തിനായി പ്രത്യേക സാമ്പത്തികമേഖല, കാക്കഞ്ചേരി, മലപ്പുറം.
- ഭക്ഷ്യ സംസ്ക്കരണ മേഖല, കിൻഫ്ര ചെറുകിട വ്യവസായ പാർക്ക്, മഴുവന്നൂർ,എറണാകുളം.

- കോൾഡ് സ്റ്റോറേജ്, കിൻഫ്ര വ്യവസായ പാർക്ക്, വയനാട്.
- ഭക്ഷ്യ സംസ്ക്കരണ പാർക്ക്, അടൂർ, പത്തനംതിട്ട

വയനാട്ടിൽ ഒരു ഭക്ഷ്യ സംസ്ക്കരണ പാർക്ക്, തൃശ്ശൂരിൽ ഒരു കേര പാർക്ക് എന്നിവ സ്ഥാപിക്കുന്നതിന് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു. മേൽപ്പറഞ്ഞ പാർക്കുകളിൽ ഭക്ഷ്യ സംസ്ക്കരണ മേഖലയ്ക്കു വേണ്ട താഴെപറയുന്ന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്.

- വാട്ടർ ട്രീറ്റ്മെൻറ് പ്ലാന്റ്
- എഫ്ലുവെൻറ് ട്രീറ്റ്മെൻറ് പ്ലാൻറ്
- ക്വാളിറ്റി കൺട്രോൾ ലാബ്
- ഫുഡ് ഇൻക്യുബേഷൻ സെൻറർ, കാക്കഞ്ചേരി
- കോൾഡ് സ്റ്റോറേജ് സംവിധാനം

കേന്ദ്ര ഭക്ഷ്യ സംസ്ക്കരണ മന്ത്രാലയത്തിൻെറ കേരളത്തിലെ പദ്ധതികളുടെ നോഡൽ ഏജൻസി കിൻഫ്രയാണ്.

പുതിയ വ്യവസായ സംരംഭകർക്ക് 2000-ലെ വ്യവസായ സബ്സിഡി രൂപരേഖ അനുസരിച്ച് കൃഷി അധിഷ്ഠിത വ്യവസായങ്ങൾ "Thrust Area" ആയി നിശ്ചയിച്ചിരിക്കുന്ന മേഖലയാണ്. ഈ മേഖലയിൽ ആരംഭിക്കുന്ന വ്യവസായ ങ്ങൾക്ക് സ്ഥിരം ആസ്തിയുടെ 15% (15 ലക്ഷത്തിൽ സ്ഥിരപ്പെടുത്തി) സബ്സിഡിയായി നല്കുന്നുണ്ട്. ഇടുക്കി, വയനാട് എന്നിവിടങ്ങളിൽ ആരംഭിക്കുന്ന യൂണിറ്റുകൾ സ്ഥിരം ആസ്തി യുടെ 25% (25 ലക്ഷത്തിൽ നിജപ്പെടുത്തി) സാമ്പത്തിക ആനുകൂല്യം നല്കുന്നുണ്ട്.

പുതിയ മൂല്യവർദ്ധിത വസ്തുക്കളുടെ ഉല്പാദനം, അവയുടെ വിപണനം, ഈ മേഖലയിലെ പുതിയ സാങ്കേതിക

വികാസങ്ങൾ, പാക്കേജിംഗ് രംഗത്തെ പുതിയ പ്രവണതകൾ, ഭക്ഷ്യവസ്തുക്കൾ കേടുകൂടാതെ സൂക്ഷിക്കുന്നതിനും ഗുണനിലവാരം ഉറപ്പു വരുത്തുന്നതിനുമുള്ള സാങ്കേതിക വിദ്യകൾ എന്നിവ മനസ്സിലാക്കുന്നതിന് ഫുഡ് ടെക്നോളജി മീറ്റും ഫുഡ് ബിസിനസ്സ് ഷോയും സംഘടിപ്പിക്കുന്നുണ്ട്.

(ബി) ജൈവ ഭക്ഷ്യവസ്തുക്കളുടെ ഉത്പാദനത്തിനു മുതൽമുടക്കുന്ന യൂണിറ്റുകൾക്ക് നിക്ഷേപ സബ്സിഡി അനുവദിക്കുമോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) ജൈവ ഭക്ഷ്യ വസ്തുക്കളുടെ ഉല്പാദനം വിവിധ സഹായങ്ങളിലൂടെയും പദ്ധതി-കളിലൂടെയും പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക എന്നത് വ്യവസായ നയത്തിലെ പ്രഖ്യാപിത ലക്ഷ്യമാണ്. 2000-ലെ വ്യവസായ സബ്സിഡി രൂപരേഖ അനുസരിച്ച് കൃഷി അധിഷ്ഠിത വ്യവസായങ്ങൾ "Thrust Area" ആയി നിശ്ചയിച്ചിരിക്കുന്ന മേഖലയാണ്. ഈ മേഖലയിൽ ആരംഭിക്കുന്ന വ്യവസായങ്ങൾക്ക് സ്ഥിരം ആസ്തിയുടെ 15% (15 ലക്ഷത്തിൽ സ്ഥിരപ്പെടുത്തി) സബ്സിഡിയായി നല്കുന്നുണ്ട്. ഇടുക്കി, വയനാട് എന്നിവിടങ്ങളിൽ ആരംഭിക്കുന്ന യൂണിറ്റുകൾ സ്ഥിരം ആസ്തിയുടെ 25% (25 ലക്ഷത്തിൽ സ്ഥിരപ്പെടുത്തി) സാമ്പത്തിക ആനുകൂല്യം നല്കുന്നുണ്ട്.

(സി) പുതിയ ഇനം ഭക്ഷ്യോൽപ്പന്നങ്ങൾ വികസിപ്പിച്ചെടുക്കുന്നതിന് പ്രോത്സാഹനം നല്കുമോ ;

(സി) മെച്ചപ്പെട്ട സാങ്കേതിക വിദ്യ ഉപയോഗിച്ചും ബയോ ടെക്നോളജിയുടെ സാദ്ധ്യതകൾ മനസ്സിലാക്കിയും പുതിയ മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിന് പ്രോത്സാഹനം നല്കുക എന്നത് സർക്കാർ നയമാണ്.

| | |
|---|---|
| (ഡി) ഭക്ഷ്യ സംസ്കരണ വ്യവസായത്തിനായി അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | (ഡി) അടിസ്ഥാന സൗകര്യ വികസനത്തിന് ഗവൺമെന്റ് സ്വീകരിച്ച നടപടികൾ 'എ' വിഭാഗം ചോദ്യത്തിന്റെ മറുപടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ഇ) ഭക്ഷ്യോൽപ്പന്ന വിപണി വിപുലപ്പെടുത്തുന്നതിനായി വ്യവസായ വകുപ്പിന്റെ കീഴിൽ പ്രദർശന മേളകൾ സംഘടിപ്പിക്കുമോ ? | (ഇ) ഭക്ഷ്യോൽപ്പന്ന വിപണി വിപുലപ്പെടുത്തുന്നത് ലക്ഷ്യമാക്കി കെ-ബിപ്-ന്റെ ആഭിമുഖ്യത്തിൽ തൃശ്ശൂരിൽ ഫുഡ് ടെക്നോളജി മീറ്റും, മലപ്പുറത്ത് ഒരു ഫുഡ് മേളയും സംഘടിപ്പിക്കുന്നുണ്ട്. വ്യവസായ വാണിജ്യ വകുപ്പിന്റെ ആഭിമുഖ്യത്തിൽ എക്സിബിഷനുകൾ സംഘടിപ്പിക്കുന്നതിന് ഗവൺമെന്റ് തുക അനുവദിച്ചിട്ടുണ്ട്.<br>മുംബൈ, ഡൽഹി എന്നിവിടങ്ങളിൽ നടക്കാറുള്ള അന്നപൂർണ്ണ, ആഹാർ എന്നീ മേളകളിൽ വ്യവസായ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങൾ പങ്കെടുക്കാറുണ്ട്. |

Rajesh

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 689: 29/07/2010-ൽ മറുപടിക്ക്

പുതിയ വ്യവസായ നയം

ചോദ്യം

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

ഉത്തരം

ശ്രീ. എളമരം കരീം
(വ്യവസായ വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ നിലവിൽ വന്നതിനുശേഷം പുതിയ വ്യവസായ നയം പ്രഖ്യാപിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ നയം വന്നതിനുശേഷം എന്ത് തുകയുടെ മുതൽമുടക്ക് സംസ്ഥാനത്തുണ്ടായി; ആരെല്ലാം പുതിയ വൻവ്യവസായങ്ങൾ തുടങ്ങി; വ്യക്തമാക്കുമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ മേഖലയിൽ 31/03/2010 വരെ 2232.69 കോടി രൂപയുടെ മുതൽ മുടക്ക് ഉണ്ടായിട്ടുണ്ട്. കൂടാതെ 13 വൻകിട വ്യവസായങ്ങൾ ഈ സംസ്ഥാനത്ത് തുടങ്ങിയിട്ടുണ്ട്(വിശദ വിവരങ്ങൾക്ക് അനുബന്ധം 1 കാണുക) <br> 2007 ഏപ്രിലിനു ശേഷം കേരളാ സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡവലപ്മെന്റ് കോർപ്പറേഷന്റെ സഹായത്തോടെ 391 കോടി രൂപയുടെ 32 പദ്ധതികൾ കേരളത്തിൽ സ്ഥാപിക്കാനായിട്ടുണ്ട്. (വിശദ വിവരങ്ങൾക്ക് അനുബന്ധം 2 കാണുക) |

| | | | |
|---|---|---|---|
| (സി) | ഈ വർഷം എത്ര മുതൽ മുടക്ക് ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്; ആരെല്ലാമാണ് മുതൽ മുടക്കിന് തയ്യാറായി വന്നിട്ടുള്ളത്; വ്യക്തമാക്കുമോ ? | (സി) | 2010-11 സാമ്പത്തിക വർഷത്തിൽ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ മേഖലയിൽ 1299.78 കോടി രൂപയുടെ മുതൽ മുടക്കു വരുന്ന 12854 സംരംഭങ്ങളാണ് ലക്ഷ്യമിട്ടിരിക്കുന്നത്.<br>ഈ വർഷം കേരളാ സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡവലപ്മെന്റ് കോർപ്പറേഷന്റെ സഹായത്തോടെ നടപ്പാക്കി വരുന്ന പദ്ധതികളിൽ ഏകദേശം 471 കോടി രൂപ മുതൽമുടക്ക് വരുന്ന പദ്ധതികൾ പൂർത്തിയാക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.<br>ഈ വർഷം നിരവധി വ്യവസായ സംരംഭകർക്ക് കിൻഫ്രയുടെ വിവിധ വ്യവാസയ പാർക്കുകളിൽ ഭൂമി അലോട്ട് ചെയ്തു. അവർ നൽകിയ പ്രോജക്ട് റിപ്പോർട്ട് പ്രകാരം അവരുടെ സംരംഭങ്ങൾ പൂർണ്ണ തോതിൽ പ്രവർത്തന സജ്ജമാകുമ്പോൾ ഏകദേശം 136.11 കോടി രൂപയുടെ നിക്ഷേപമാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ് -

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

| നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം.690 | 29 -07 -2010 - ൽ മറുപടിയ്ക്ക് |
|---|---|

## അക്യുപ്രഷർ ചികിത്സാരീതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ടി.പി.കുഞ്ഞുണ്ണി :<br>ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്:<br>ശ്രീ. കെ. കുഞ്ഞമ്മത്മാസ്റ്റർ :<br>ശ്രീ. കെ. കുഞ്ഞിരാമൻ : | ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |

(എ) അക്യുപ്രഷർ ചികിത്സാ രീതി ഇന്ന് അന്താരാഷ്ട്ര തലത്തിൽ ഏറെ പ്രചാരം നേടിയിരിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ;

(ബി) ജീവൻ രക്ഷാ മരുന്നുകൾക്ക് വില കുതിച്ചുയരുന്ന സാഹചര്യത്തിൽ മരുന്നുകളില്ലാത്ത ഫലപ്രദമായ ഈ ചികിത്സാരീതിയെക്കുറിച്ച് ഇതുവരെ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(സി) മറ്റേതൊരു ചികിത്സയോടൊപ്പം ചെയ്യാവുന്നതും, ലളിതവും വേഗത്തിൽ പഠിച്ച് സ്വയം പരിശീലിക്കാവുന്നതുമായ അക്യുപ്രഷർ ചികിത്സാ സമ്പ്രദായം സംസ്ഥാനത്ത് പ്രചരി പ്പിക്കുന്നതിനായി ആരോഗ്യ വകുപ്പ് പദ്ധതി ആവിഷ്കരി ക്കുമോ ?

(എ)യും (ബി)യും (സി) യും :
അക്യുപ്രഷർ ചികിത്സാ രീതിയെ സംബന്ധിച്ച് സർക്കാർ തലത്തിൽ പഠനങ്ങൾ നടത്തിയിട്ടില്ല. ഈ ആവശ്യം പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ